**പന്ത്രണ്ടാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010-2011)

## നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട്

( 2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിലെ**
**ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(2002-03 മുതൽ 2004-05 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2011

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2010-2011)

## നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട്

( 2011 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിലെ
ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ
(2002-03 മുതൽ 2004-05 വരെയുള്ള) പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

376/2011.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 39 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2010-2011)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. എം. ദിനേശ് മണി

അംഗങ്ങൾ :

ശ്രീ. എൻ. അനിരുദ്ധൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, കെ. കെ. ദിവാകരൻ
,, എം. ജെ. ജേക്കബ്
,, കെ. മുഹമ്മദുണ്ണി ഹാജി
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. രാജൻ, സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, ജോയിന്റ് സെക്രട്ടറി
ശ്രീ. പി. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, അണ്ടർ സെക്രട്ടറി.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2010–2011) നാൽപ്പത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (2002–2003 മുതൽ 2004–05 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2011 ഫെബ്രുവരി മാസം 21-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**സി. എം. ദിനേശ് മണി,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2011, ഫെബ്രുവരി 23.

## റിപ്പോർട്ട്

## തിരുവനന്തപുരം, കൊല്ലം, ഇടുക്കി ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകൾ

### തിരുവനന്തപുരം ജില്ല

### I. പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കറി പൗഡർ യൂണിറ്റ് രൂപ 25,000 ചെലവ് നിരാകരിക്കുന്നു**

വനിതാ സ്വയംസഹായ സംഘത്തിന് കറിപൗഡർ യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതി വിഹിതമായി 20,000 രൂപയും ഗുണഭോക്തൃ വിഹിതമായി 5,000 രൂപയും ഉൾപ്പെടെ 25,000 രൂപയാണ് ഈ യൂണിറ്റിന് വകയിരുത്തിയത്. 5,000 രൂപ യന്ത്രസാമഗ്രികൾ വാങ്ങാനും 20,000 രൂപ അസംസ്കൃത വസ്തുക്കൾ വാങ്ങാനുമാണ് പദ്ധതിയിൽ വിഭാവന ചെയ്യുന്നത്. എന്നാൽ പൊടിപ്പ് യന്ത്രത്തിന് 24,124 രൂപ ചെലവാക്കി വാങ്ങിയതായി രേഖകളിൽ കാണുന്നു. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് പ്രകാരം കറന്റ് കണക്ഷൻ ഇല്ലാത്തതിനാൽ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വനിതാ സ്വയംസഹായ സംഘവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ദീർഘവീക്ഷണമില്ലാതെ തയ്യാറാക്കി നടപ്പിലാക്കിയ പദ്ധതിപ്രകാരം 24,124 രൂപയുടെ യന്ത്രം പാഴായി പോകുകയാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.1.]

1. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എ.സി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"ഐശ്വര്യ സ്വയംസഹായ സംഘത്തിന് കറിപൗഡർ യൂണിറ്റ് തുടങ്ങാൻ 2000-2001 വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയിരുന്ന 20,000 രൂപ 17-7-2001-ലെ 577523-ാം നമ്പർ ചെക്ക് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും സംഘത്തിന് അനുവദിച്ചിരുന്നു. ഗുണഭോക്തൃ വിഹിതവുംകൂടി ഉൾപ്പെടുത്തി 24,124 രൂപയ്ക്ക് 30-3-2002-ൽ സംഘം പൊടിപ്പ് യന്ത്രം വാങ്ങുകയുണ്ടായി. എന്നാൽ വൈദ്യുതി കണക്ഷൻ 4-6-2003-നാണ് ലഭിച്ചിരുന്നത്. ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തിൽ കരാർ വയ്ക്കുകയും യന്ത്രം പ്രവർത്തിപ്പിച്ച് സംഘത്തിന്റെ പ്രവർത്തനം നല്ല രീതിയിൽ നടന്നുവരികയും ചെയ്യുന്നു. ആയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാണ്."

മേൽ വിഷയത്തിൽ 21-8-2008-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ വനിതാ സ്വയം സഹായ സംഘത്തിൻകീഴിൽ പ്രവർത്തിക്കുന്ന കറിപൗഡർ യൂണിറ്റിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

പ്രസ്തുത യൂണിറ്റിന് 4-6-2003-ന് വൈദ്യുതി കണക്ഷൻ ലഭിക്കുകയും, അന്നുമുതൽ യൂണിറ്റ് നല്ല നിലയിൽ പ്രവർത്തിച്ചുവരുകയും ചെയ്യുന്നുണ്ടെന്നും സംഘത്തിന്റെ പേരിൽ കറിപൗഡർ വിപണനം നടത്തിവരുന്നുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തി ഓഡിറ്റ് വകുപ്പിന് വിശദമായി മറുപടി നൽകണമെന്ന് സെക്രട്ടറിക്കും ആയത് ബോദ്ധ്യപ്പെടുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ഓഡിറ്റ് വകുപ്പിനും സമിതി നിർദ്ദേശം നല്കി.

ഇത് സംബന്ധിച്ച രേഖകൾ 1-9-2008-ലെ എച്ച്.സി. 36/2000 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് 28-3-2009-ലെ കത്തുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി."

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രാദേശിക പരിശോധന നടത്തുകയും 26-3-2009-ലെ എൽ.എഫ്.1081/സ്പെ.സെൽ.(ജി.3)/09 കത്തു പ്രകാരം താഴെ പറയുന്നപ്രകാരം സമിതിക്ക് പരിശോധനാറിപ്പോർട്ട് നൽകുകയും ചെയ്തു.

"പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 5-12-2008-ൽ ഈ ഓഫീസിൽ നിന്നും പ്രാദേശിക പരിശോധന നടത്തിയിരുന്നു. 4-6-2003-ൽ വൈദ്യുതി കണക്ഷൻ ലഭിച്ചുവെന്നു തെളിയിക്കുന്ന കൺസ്യൂമർ നമ്പർ, ഇൻവോയിസ്, തുക അടച്ച രസീത് എന്നിവയോ മോണിറ്ററിംഗ് സമിതി റിപ്പോർട്ടോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംഘത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരുടെ പേരിൽ 16-3-2001-ൽ വാങ്ങിയ 50 രൂപ പത്രത്തിൽ പഞ്ചായത്തിന് കരാർ എഴുതി ഒപ്പിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ കരാർ ചമച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്ടിൽ പറഞ്ഞിട്ടുള്ള അന്നത്തെ മോണിറ്ററിംഗ് സമിതി അംഗങ്ങളല്ല മോണിറ്ററിംഗ് റിപ്പോർട്ട് നൽകിയിട്ടുള്ളത്. തീയതിവയ്ക്കാത്ത ടി റിപ്പോർട്ടിൽ സംഘം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ടി സാഹചര്യത്തിൽ റിപ്പോർട്ടിന്റെ വിശ്വാസ്യത സംശയാസ്പദമാണ്."

## നിഗമനങ്ങൾ/ശുപാർശകൾ

2. **5-12-2008-ൽ പ്രാദേശിക പരിശോധന നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിക്ക് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ പരിശോധനയ്ക്ക് ലഭിക്കാത്ത രേഖകളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രാദേശിക പരിശോധന എന്നാൽ രേഖകളുടെ പരിശോധനയിൽ മാത്രം ഒതുങ്ങിനിൽക്കാതെ ഭൗതിക പരിശോധനകൂടി നടത്തിയിരുന്നുവെങ്കിൽ സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അപ്രകാരം ചെയ്തതായി കാണുന്നില്ല. ആയതിനാൽ സമിതിക്ക് പുനഃപരിശോധനാറിപ്പോർട്ട് നൽകുമ്പോൾ പൂർണ്ണമായ റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

**സംഘം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്ന ഗവൺമെന്റ് മറുപടി മുഖവിലയ്ക്കെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

## II. നേമം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ക്രമവിരുദ്ധമായി പണം ചെലവാക്കുന്നു**

ശ്രീ. പി.കെ. വിജയൻ, ജനറൽ എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണ ചെലവുകൾക്കായി 70,000 രൂപ മുൻകൂർ പണമായി പറ്റി ചെലവഴിച്ചു. യാതൊരു വൗച്ചറും ഹാജരാക്കിയിട്ടില്ല. സ്റ്റേഷനറി വാങ്ങാൻ എന്ന് കാണിച്ച് 10,000 രൂപ ടിയാൻതന്നെ കൈപ്പറ്റി. എന്നാൽ സാധനം വാങ്ങിയതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഓഫീസ് സ്റ്റേഷനറി വാങ്ങാൻ ഒരു ഉദ്യോഗസ്ഥന്റെ പേരിൽ എങ്ങനെ ചെക്ക് കൊടുത്തു എന്നും വ്യക്തമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.2.1.]

3. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എ.സി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

ആഡിറ്റിൽ പരാമർശിക്കുന്ന വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ ആഡിറ്റിനുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് തിരുവനന്തപുരത്ത് 2-8-2008-ലെ 1752/08-ാം നമ്പർ കത്തുപ്രകാരം നൽകിയിട്ടുണ്ട്.

21-8-2008-ലെ സമിതി തെളിവെടുപ്പുയോഗത്തിൽ തുക ചെലവഴിച്ചിരിക്കുന്നത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

4. **തുക ചെലവഴിച്ചിരിക്കുന്നത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മൺപണിക്ക് അധികം നിരക്ക് നൽകിയ തുക**

കരാറുകാരന്റെ/കൺവീനറുടെ മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തുമ്പോൾ സാധാരണ നിരക്ക് മാത്രമേ നൽകാവൂ എന്ന് റോഡുകളുടേയും കെട്ടിടങ്ങളുടേയും വിഭാഗം ചീഫ് എഞ്ചിനീയർ 30-6-1985-ലെ സി.6-6113/84 ഇ നമ്പർ കത്തുപ്രകാരം നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ഇപ്രകാരം മണ്ണ് കൊണ്ടുവരുന്നതിന് നിരക്ക്

കണക്കാക്കുമ്പോൾ ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യണമെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കത്ത് നമ്പർ 13584/പി.എഫ്.ഐ.ഡബ്ല്യു.സി. തീയതി 4-4-1986 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഇത് പ്രകാരം 99-ലെ ഷെഡ്യൂൾ അനുസരിച്ച് 730.25/10 എം.$^3$ നിരക്ക് മാത്രമേ അനുവദിച്ചു നൽകാവൂ. എന്നാൽ വിവിധ പണി കൾക്ക് 949/10 എം.$^3$ അനുവദിച്ചു നൽകി. ഈ ഇനത്തിൽ 46,317 രൂപ അധിക ച്ചെലവ് വന്നിട്ടുണ്ട്.

ഡേറ്റാ ഇനം 52 അനുസരിച്ച് എർത്ത് വർക്ക് ഇൻ ആൾ ക്ലാസസ്സ് ഓഫ് സോയിൽ എന്ന വർക്കിന് അനുവദനീയമായ നിരക്ക് 439/10 എം.$^3$ ആണ്. എന്നാൽ അനുവദിച്ചു നൽകിയത് 571/10എം.$^3$ ആണ്. ഈ ഇനത്തിൽ 3,457 രൂപ അധികം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.2.2.]

5. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008 ലെ 46589/എ.സി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറു പടി ചുവടെ ചേർക്കുന്നു.

ഈ കാലയളവിൽ ഈ ആഫീസിലെ അസി. എഞ്ചിനീയറായിരുന്ന ചന്ദ്രകുമാറിനോട് 46,317 രൂപയും 3,457 രൂപയും തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് 23-7-2008-ൽ എച്ച്.സി.1752/08-ാം നമ്പർ കത്തുപ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത ഓഡിറ്റ് പരാമർശത്തിൻമേൽ 21-8-2008-ലെ തെളിവെടുപ്പ് യോഗത്തിൽ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച നിരക്കിൽ കൂടുതൽ തുക മൺപണിക്ക് നൽകിയതിനെക്കുറിച്ച് സമിതി ആരാഞ്ഞു.

ഫില്ലിംഗിന് ഉപയോഗിച്ച മണ്ണ് ഹാർഡ് സോയിൽ വിഭാഗത്തിൽപ്പെട്ടതായതിനാ ലാണ് പി.ഡബ്ല്യു.ഡി. അംഗീകരിച്ച ഹാർഡ് സോയിലിന്റെ നിരക്ക് അനുവദിച്ചു നൽകിയതെന്നും പ്രസ്തുത തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നു വെന്നും ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വിശദീകരിച്ചു.

മണ്ണ് കൊണ്ടുവരുന്നതിന് നിരക്ക് കണക്കാക്കുമ്പോൾ രണ്ടു ലീഡും ലിഫ്റ്റും കുറവുവരുത്തുന്നത് അപാകതയാണെന്ന് വ്യക്തിമാക്കിക്കൊണ്ടുള്ള പൊതുമരാമത്ത് ചീഫ് എഞ്ചിനീയറുടെ 1989-ലെ സർക്കുലർ നിലവിലുണ്ടെന്നും ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറലിനും ക്ലാരിഫിക്കേഷൻ നല്കിയിട്ടുണ്ടെന്നും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ സമിതിയെ അറിയിച്ചു. മേൽ പരാമർശിച്ച ബന്ധപ്പെട്ട സർക്കുലറുകളും മറ്റു രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ സമർപ്പിച്ച് ബോദ്ധ്യപ്പെടുത്തുന്നതിനായി സമിതി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നിർദ്ദേശിച്ചു.

സമിതി നിർദ്ദേശത്തിൻമേൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 28-3-2009-ലെ 46589/എ.സി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

21-8-2008-ലെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട രേഖകളും സർക്കുലറുകളും 22-8-2008-ലെ എച്ച്.സി.1752/08 നമ്പർ കത്തുപ്രകാരം തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 26-3-2009-ലെ 1081/സ്പെ. സെൽ.(ജി3)/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ, പഞ്ചായത്ത് സെക്രട്ടറി, അസി. എഞ്ചിനീയർ എന്നിവരുടെ മറുപടി സ്വീകരിക്കത്തക്കതല്ലെന്നും പൊതുമരാമത്ത് പണികളുടെ സാങ്കേതികത സംബന്ധിച്ച അവസാന തീർപ്പ് കല്പിക്കുന്നത് ചീഫ് ടെക്നിക്കൽ എക്സാമിനർ ആണെന്നും മണ്ണു നിറയ്ക്കുന്ന പ്രവൃത്തികളിൽ കൺവേയൻസ് ഉൾപ്പെടുന്നപക്ഷം ഒരു ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതാണെന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ കാലാകാലങ്ങളിൽ ഉത്തരവുകളും വിശദീകരണവുംവഴി നിർദ്ദേശിക്കുന്നുണ്ടെന്നും അറിയിച്ചു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ 14-1-2006-ൽ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനും 29-5-2004-ൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്കയച്ച കത്തിലും ഇപ്രകാരമുള്ള പ്രവൃത്തികളിൽ ഇനിഷ്യൽ ലീഡ് ആന്റ് ലിഫ്റ്റ് കുറയ്ക്കേണ്ടതാണെന്ന് വ്യക്തമായി വിശദീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ മറുപടി സ്വീകരിക്കാവുന്നതല്ലെന്നും തുടർന്ന് അറിയിച്ചു.

കൂടാതെ, എല്ലാത്തരം മണ്ണിലും ഉള്ള എസ്കവേഷൻ എന്ന പ്രവൃത്തിയിൽ സാധാരണ മണ്ണ്, കടുപ്പമുള്ള മണ്ണ്, സാധാരണ പാറ എന്നിങ്ങനെ വിവിധ ഘടനയിലുള്ള മണ്ണ് ഉൾപ്പെടാവുന്നതാണ്. എഞ്ചിനീയറിംഗ് വിഭാഗമാണ് മണ്ണിന്റെ ഘടന, അനുപാതം എന്നിവ നിശ്ചയിക്കുന്നത്. എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ്, ബന്ധപ്പെട്ട സാങ്കേതിക സമിതി പരിശോധിച്ച് അംഗീകാരം നൽകിയിട്ടുള്ളതായതിനാൽ എഞ്ചിനീയറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ സാങ്കേതിക സമിതിയിലെ ടെക്നിക്കൽ മെമ്പറുടെ അഭിപ്രായം/മറുപടി ആരായാവുന്നതാണെന്ന ശുപാർശയും ഓഡിറ്റ് വകുപ്പിന്റെ മറുപടിയിലുണ്ട്.

മണ്ണിട്ട് നികത്തുന്ന ജോലിക്ക് ലീഡും ലിഫ്റ്റും കൊടുക്കുന്നതു സംബന്ധിച്ച് 1986-ലും 2004-ലും ചീഫ് ടെക്നിക്കൽ എക്സാമിനർ പുറപ്പെടുവിച്ചിട്ടുള്ള രണ്ടു സർക്കുലറുകളിൽ ഇനിഷ്യൽ ലീഡ് കുറയ്ക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് 5-1-2010-ൽ സി.എ.ജി.യുടെ ഓഡിറ്റ് പരിശോധനയുമായി ബന്ധപ്പെട്ട യോഗത്തിൽ എസ്.പി.എ.ഒ. സമിതിയെ അറിയിച്ചിട്ടുണ്ട്. മണ്ണ് കുഴിച്ചിടത്തു തന്നെ ഇട്ടിട്ട് പിന്നീട് കൊണ്ടുപോകുന്ന സാഹചര്യമാണെങ്കിൽ ഇനിഷ്യൽ ലീഡ് കൊടുക്കാമെന്നും മണ്ണെടുത്ത് അപ്പോൾതന്നെ ലോറിയിൽ കയറ്റിക്കൊണ്ടുപോകുകയാണെങ്കിൽ ഇനിഷ്യൽ ലീഡിന്റെയും ലിഫ്റ്റിന്റെയും ആവശ്യമില്ലെന്നും പലപ്പോഴും മണ്ണ് കളക്ട് ചെയ്യുമ്പോൾ എടുക്കുന്ന സ്ഥലത്തുനിന്നുതന്നെ ലോറിയിൽ കൊണ്ടുപോകാൻ സാധിക്കുകയില്ലെന്നും അങ്ങനെയുള്ള സാഹചര്യത്തിൽ ഇനിഷ്യൽ ലീഡും ലിഫ്റ്റും കുറയ്ക്കേണ്ട ആവശ്യമില്ലെന്നാണ് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ സർക്കുലറിൽ പറഞ്ഞിട്ടുള്ളതെന്നും എസ്.പി.എ.ഒ. സി.എ.ജി. യുടെ സമാനസ്വഭാവമുള്ള ഓഡിറ്റ് പരിശോധനയുമായി ബന്ധപ്പെട്ട യോഗത്തിൽ വ്യക്തമാക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

**6. മണ്ണിട്ടു നികത്തുന്നതിലെ നിരക്ക് കണക്കാക്കുമ്പോൾ ഇനിഷ്യൽ ലീഡും ലിഫ്റ്റും ഒഴിവാക്കേണ്ടതാണെന്ന് 1986-ലും 2004-ലും ധനകാര്യ പരിശോധനാവിഭാഗത്തിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിട്ടുള്ളതായും എന്നാൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 6-1-2005-ലെ സർക്കുലർ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഇനിഷ്യൽ ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ സി.ടി.ഇ.യുടെയും സി.ഇ.യുടെയും സർക്കുലറുകളിലെ പൊരുത്തക്കേടുകൾ ഒഴിവാക്കി കുറ്റമറ്റ രീതിയിലുള്ള സർക്കുലർ പുറപ്പെടുവിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സെൽഫ് ചെക്ക് വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല**

7,00,000 രൂപ സെൽഫ് ചെക്കായി ഇന്ദിരാ ആവാസ് യോജന എന്ന് മാത്രം ചെക്ക് ഇഷ്യു രജിസ്റ്ററിൽ രേഖപ്പെടുത്തി പിൻവലിച്ചിരിക്കുന്നു. ഈ തുക ഇന്ദിരാ ആവാസ് യോജനയുടെ കണക്കിൽ വരവുവച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. മേൽ തുക എന്ത് ആവശ്യത്തിനാണ് മാറ്റിയത് എന്നും വ്യക്തമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.2.3.]

7. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എ.സി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

24-3-2001-ലെ ചെക്ക് നമ്പർ 427763 പ്രകാരം 7,00,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചത് 22-5-2001-ലാണ്. ഈ തുക ബ്ലോക്കിലെ ഐ.എ.വൈ. അക്കൗണ്ട് തുറന്നു പ്രവർത്തിക്കുന്ന മലയിൻകീഴ് സെൻട്രൽ ബാങ്കിലെ 10469-ാം നമ്പർ അക്കൗണ്ടിൽ 23-5-2001-ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ബാങ്ക് ലഡ്ജർ കോപ്പിയുടെ പകർപ്പ് ആഡിറ്റ് പരിശോനയ്ക്കുവേണ്ടി ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് തിരുവനന്തപുരത്തിന് 2-8-2008-ലെ 1752/08 നമ്പർ കത്തുപ്രകാരം നൽകിയിട്ടുണ്ട്.

21-8-2008-ലെ സമിതി തെളിവെടുപ്പ്യോഗത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് വിഭാഗം 11-8-2008-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ തുക 235-2001-ൽ ഐ.എ.വൈ. അക്കൗണ്ട് നമ്പർ 10469 (സെൻട്രൽ ബാങ്ക്, മലയിൻകീഴ്) ക്രെഡിറ്റ് ചെയ്ത് 2001-02 സാമ്പത്തിക വർഷം പദ്ധതിക്കുവേണ്ടി ചെലവഴിച്ചുവെന്നും അത് ക്രമപ്രകാരമാണെന്ന് കണ്ടെത്തുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശുപാർശ നൽകുകയും ചെയ്തു.

നിഗമനങ്ങൾ/ശുപാർശകൾ

8. **തുക വിനിയോഗിച്ചത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

## III. വാമനപുരം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണ്ണാർകുന്ന്-പനത്തൂർ (പവ്വത്തൂർ) തോട്ടുംപുറം ഏലാത്തോട് സംരക്ഷണം—അധിക നിരക്ക് നൽകിയത് സംബന്ധിച്ച്**

പ്രസ്തുത പണിയുടെ എസ്റ്റിമേറ്റിലെ രണ്ടാം ഇനം കൺവീനറുടെ/ കോൺട്രാക്ടറുടെ സ്വന്തം മണ്ണുകൊണ്ടുവന്ന് ബണ്ട് നിറയ്ക്കലാണ്. ഇതിലേക്കു വേണ്ടി 2084.90 എം.$^3$-ന് 885.65/10 എം$^3$ എന്ന നിരക്ക് അനുവദിച്ചുനൽകിയിരുന്നു. എന്നാൽ കൺസോളിഡേഷൻ ഇല്ലാതെ ഫില്ലിംഗിന് അനുവദനീയമായ നിരക്ക് 730/10 എ$^3$ മാത്രമാണ്. ഈ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 32,451.46 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട്: ഖണ്ഡിക 4.3]

9. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എ.സി2/08ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

2001-02-ലെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 27 പ്രകാരം 730/10m$^3$ മണ്ണ്കൊണ്ട് വന്ന് നിറയ്ക്കേണ്ടതിനുപകരം 885.65/10m$^3$ മണ്ണ് നിറച്ചതിനാൽ 32,451.46 രൂപ അധിക ചെലവ് ഉണ്ടായതായി അറിയിച്ചതനുസരിച്ച് ഈ തുക അധികമായി ചെലവായതിന് ഉത്തരവാദിയായ റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. ദിവാകരൻ പേർക്ക് ഈ ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കുന്നതിന് 7-11-2007-ലും 12-5-2008-ലും നോട്ടീസ് അയച്ചു. ഈ നോട്ടീസിന് മറുപടി ലഭിയ്ക്കാത്തതിനാൽ റവന്യൂ റിക്കവറി നടപടി നടത്തി തുക ഈടാക്കുമെന്ന് കാണിച്ച് 30-7-2008-ൽ രജിസ്ട്രേർഡ് കത്തയച്ചിട്ടുണ്ട്.

21-8-2008-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ അധിക നിരക്ക് നൽകിയതിന് ഉത്തരവാദിയായ എഞ്ചിനീയർക്ക് ഇതു സംബന്ധിച്ച നോട്ടീസ് നൽകിയെന്നും, എന്നാൽ തൃപ്തികരമായ മറുപടി നൽകുകയോ സമിതി മുൻപാകെ ഹാജരാകാൻ ആവശ്യപ്പെട്ടിട്ട് ഹാജരാകുകയോ ചെയ്തിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു.

എഞ്ചിനീയർക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം നൽകാനുണ്ടെങ്കിൽ അത് ലോക്കൽ ഫണ്ട് ഓഡിറ്റർമാർ മുൻപാകെ രണ്ടാഴ്ചയ്ക്കകം അറിയിക്കണമെന്നും അല്ലാത്തപക്ഷം അദ്ദേഹത്തിന്റെ പേരിൽ ഒരു മാസത്തിനകം ബാദ്ധ്യത

നിർണ്ണയിച്ച് നോട്ടീസ് നൽകണമെന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

10. ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 28-3-2009-ലെ 46589/എസി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

21-8-2008-ൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ റിട്ടയേർഡ് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. ദിവാകരൻ പേർക്ക് രജിസ്ട്രേർഡ് നോട്ടീസ് നൽകിയതനുസരിച്ച് അദ്ദേഹം രേഖാമൂലം മറുപടി നൽകുകയുണ്ടായി. പ്രസ്തുത മറുപടിയിൽ മണ്ണാർക്കുന്ന് പൂവത്തൂർ തോട്ടുംപുറം ഏലാത്തോട് സംരക്ഷണം എന്ന പണിയുടെ 2-ാമത്തെ ഐറ്റം കൺവീനറുടെ സ്വന്തം മണ്ണ് ഉപയോഗിച്ച് ബണ്ട് ഉണ്ടാക്കലാണ്. 1720 $M^3$ മണ്ണിനുപകരം 2084.93 $M^3$ മണ്ണ് ആ പണിക്ക് ആവശ്യമായിവന്നു. അത് യാഥാർത്ഥ്യമാക്കിക്കൊണ്ടാണ് ചെയ്തിട്ടുള്ളതും ഇത് മേലുദ്യോഗസ്ഥൻ അംഗീകരിച്ചിട്ടുള്ളതുമാണ്. സ്ഥലത്തിന്റെ കിടപ്പ് അനുസരിച്ച് കാൽനടക്കാരുടെ ആവശ്യകതയ്ക്കുവേണ്ടിയാണ് ഇപ്രകാരം ചെയ്തത്. എന്നാൽ ബി.എൽ.ടി.സി. അംഗീകരിച്ച റേറ്റാണ് നൽകിയിട്ടുള്ളത്. ഈ റേറ്റിനെ സംബന്ധിച്ചും മൺപണിയെ സംബന്ധിച്ചും ഡി.ആർ.ഡി.എ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തിന് വിധേയമായാണ് ചെയ്തത്. ടിയാൻ 2004-ൽ സർവ്വീസിൽ നിന്ന് വിരമിച്ച് വിവിധതരം അസുഖങ്ങളാൽ കഴിഞ്ഞുകൂടുകയാണെന്നും ആകയാൽ പ്രസ്തുത വർക്കിൽ ചെയ്ത കാര്യങ്ങൾ അംഗീകരിച്ച് റിക്കവറികളിൽനിന്നും തന്നെ വിടുതൽ ചെയ്യണമെന്നും അപേക്ഷിച്ചിട്ടുണ്ട്. ഭരണാനുമതി തുകയും സാങ്കേതികാനുമതി തുകയും അധികരിക്കാതെയാണ് തുക നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്.

11. ഈ വിശദീകരണം 16-9-2008-ലെ എ-183/04 നമ്പർ കത്തുപ്രകാരം തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. ഈ വിശദീകരണം അംഗീകരിക്കുന്നില്ല എങ്കിൽ തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

12. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 26-3-2009-ലെ എൽ.എഫ്.1081/ സ്പെ.സെൽ ജി3/09 നമ്പർ കത്തുപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറുടെ വിശദീകരണത്തിൽ മണ്ണിന്റെ അളവിനെക്കുറിച്ചാണ് സൂചിപ്പിച്ചിരിക്കുന്നതെന്നും 2084.90 എം$^3$ ന് 730/10 എം$^3$ എന്ന അംഗീകൃത നിരക്കിനുപകരം ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശത്തിനും വിരുദ്ധമായി ഒരു ലീഡും ലിഫ്റ്റും കുറയ്ക്കാതെ 885.65/10എം$^3$ എന്ന കൂടിയ നിരക്ക് നൽകിയതുവഴി 32,451 രൂപയുടെ നഷ്ടം ഉണ്ടാക്കിയെന്ന പരാമർശം നിലനിൽക്കുന്നുവെന്നും പറഞ്ഞിരിക്കുന്നു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

13. **റോഡ് റോളർ ഉപയോഗിച്ച് മൺപണി നടത്തിയതുമായി ബന്ധപ്പെട്ട് നിയമപരമായ ഒരു വ്യവസ്ഥ അടിയന്തിരമായി ഉണ്ടാക്കുന്നതിലേക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ഇടുക്കി ജില്ല

### I.ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമ്പ്യൂട്ടർ ട്രെയിനിംഗ്—തുക അപഹരിച്ചു**

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 10 പേർക്ക് 3 മാസത്തേക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിലേക്കുവേണ്ടി 20,000 രൂപ കഞ്ഞിക്കുഴിയിലുള്ള പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിനു നൽകിയതായി കാണുന്നു. പദ്ധതി അനുസരിച്ച് ട്രെയിനികളെ തെരഞ്ഞെടുക്കുകയോ പരിശീലനം നൽകുകയോ ചെയ്തിട്ടില്ല. വിശദമായ അന്വേഷണത്തിൽ ഇപ്രകാരം ഒരു സ്ഥാപനം നിലവിലില്ലാത്തതാണെന്ന് വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 20,000 രൂപ പലിശയുൾപ്പെടെ തിരികെ ഈടാക്കേണ്ടതും നിലവിലില്ലാത്ത ഒരു സ്ഥാപനത്തിന്റെ പേരിൽ 20,000 രൂപ നൽകുവാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട്: ഖണ്ഡിക നമ്പർ vii.I.6.I (1)]

14. ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി.2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തിലെ 111 നമ്പർ പ്രോജക്ട് പ്രകാരം ടി ബ്ലോക്കിലെ 10 യുവാക്കൾക്ക് കമ്പ്യൂട്ടർ സാങ്കേതിക പരിശീലനം നൽകുന്നതിന് 20,000 രൂപ വകയിരുത്തുകയും ജനറൽ കമ്മിറ്റിയുടെ 22-2-2000-ലെ 1(a) നമ്പർ തീരുമാനപ്രകാരം 1-3-2000 മുതൽ 31-5-2000 വരെ പരിശീലനം നൽകുവാൻ 10 യുവാക്കളെ തെരഞ്ഞെടുക്കുകയും പരിശീലനം നൽകുന്നതിന് ഇടുക്കി-കഞ്ഞിക്കുഴിയിൽ പ്രവർത്തിച്ചിരുന്ന പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും ചെയ്തു. ടി സ്ഥാപനത്തിന്റെ മാനേജർ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മുമ്പാകെ ടി യുവാക്കൾക്ക് പരിശീലനം നൽകാമെന്ന് 23-3-2000-ൽ എഗ്രിമെന്റ് വയ്ക്കുകയും 28-3-2000-ൽ 20,000 രൂപ കൈപ്പറ്റി രസീത് നൽകിയതായും ഫയലിൽ കാണുന്നു. 18-10-2006-ലെ എൽ.എഫ്.2643/സ്പെ.സെൽ/05 നമ്പർ ഉത്തരവുപ്രകാരം അന്നത്തെ സെക്രട്ടറി (ഇൻചാർജ്ജ്) ശ്രീ. എം.സി. തോമസിന്റെ പേരിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 30-9-2003-ൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതും പെൻഷൻ ആനുകൂല്യങ്ങൾ വാങ്ങുന്നതുമാണ്.

15. 21-8-2008-ൽ കൂടിയ സമിതി യോഗം ഓഡിറ്റ് പരാമർശത്തിൻമേൽ തെളിവെടുക്കുകയും പരിശീലനം സിദ്ധിച്ചതായി പറയുന്ന 10 ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും; ഇവർ പരിശീലനം പൂർത്തിയാക്കിയോ എന്ന വിവരം; ആയതിന് ഇവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ടോ എന്നത്; പരിശീലനം നൽകിയതായി പറയപ്പെടുന്ന സ്ഥാപനത്തെയും ഉടമയെയും സംബന്ധിച്ച വിവരങ്ങൾ;

സ്ഥാപനത്തിന്റെ പഞ്ചായത്ത് ലൈസൻസ് പ്രവർത്തന കാലാവധി എന്നിവയെ സംബന്ധിച്ച രേഖകൾ മുതലായവ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ബോദ്ധ്യപ്പെടുത്തുന്നതിനായി മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസിന് ഒരുമാസം കാലാവധി അനുവദിക്കുകയും ചെയ്തു.

16. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 28-3-2009-ലെ 46589/എസി2/08/ത.സ്വ.ഭവ. നമ്പർ കത്തു പ്രകാരം ലഭിച്ച അധിക വിവരം ചുവടെ ചേർക്കുന്നു :

ഓഡിറ്റ് വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ശ്രീ. എം. സി. തോമസ് ഹാജാരാക്കിയിട്ടില്ല. എന്നാൽ വിശദമായ അന്വേഷണത്തിൽ പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം നിലവിലുണ്ടായിരുന്നെന്നും ടി സ്ഥാപനം ഇപ്പോൾ ആൽഫാ കമ്പ്യൂട്ടേഴ്സ് എന്ന പേരിൽ ചേലച്ചുവട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു എന്നും പത്തുപേർ കമ്പ്യൂട്ടർ ട്രെയിനിംഗ് പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തത് സംബന്ധിച്ച് ഓഫീസിൽ രേഖകളില്ല എന്നും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം സ്ഥാപന ഉടമയായ ശ്രീ. ബിജു മാത്യു, മീനാച്ചേരിൽ, കീരിത്തോട് എന്ന ആളിൽ നിന്നും തുക ഈടാക്കുന്നതിനായി 31-1-2009-ൽ 3035/08 നമ്പർ രജി. കത്ത് അയച്ചിട്ടുണ്ടെന്നും ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടർ പരിശീലനം ലഭിച്ചവരുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. സിനി, പി. കെ., പാലക്കാട് ഹൗസ്, കഞ്ഞിക്കുഴി
2. അജയൻ പി.എം., പുതുശ്ശേരിക്കുടിയിൽ, കീരിത്തോട്
3. ഫിനാതോമസ്, പുളിക്കൽ, വെൺമണി പി.ഒ
4. മിനിമോൾ ബി. ജി. ചൂടൻമാക്കൽ, പഴയരിക്കണ്ടം
5. ആൻസി ജോസഫ്, കിഴക്കനേത്ത്, കഞ്ഞിക്കുഴി
6. ബിന്ദു മാത്യു, മേനാച്ചേരിൽ, കീരിത്തോട്
7. ബിന്ദു ജോസഫ്, ഉള്ളാട്ടിൽ, ആൽപ്പാറ പി.ഒ.
8. ബിജു. പി. ജോസഫ്, പുത്തൂർ, കീരിത്തോട് പി.ഒ.
9. ആശാ ചെറിയാൻ, വാഴയിൽ, കഞ്ഞിക്കുഴി പി.ഒ
10. ജോളി വർഗ്ഗീസ്, ചിറ്റടിയിൽ, പുളക്കത്തൊട്ടി പി.ഒ

17. പരാമർശവിധേയനായ മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസ്, ബാദ്ധ്യതയിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കണമെന്ന് കാണിച്ച് സ്ഥാപന ഉടമയുടെ സ്റ്റേറ്റ്മെന്റ് സഹിതം 20-11-2008-ൽ ലോക്കൽ ഫണ്ട് വകുപ്പിനോടപേക്ഷിച്ചിരുന്നു. ആയതിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പ്രാദേശിക പരിശോധനാ റിപ്പോർട്ട് 7-3-2009-ലെ എൽ.എഫ്. 582/സ്പെ.സെൽ ജി2/09 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു :

പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം 1999-2000 കാലഘട്ടത്തിൽ ഇടുക്കി-കഞ്ഞിക്കുഴി എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്നതായും ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 20 ഗുണഭോക്താക്കൾക്ക് പരിശീലനം നൽകിയതായും ഈ സ്ഥാപനം 2001-ൽ പ്രവർത്തനം നിർത്തിയതായും ശ്രീ. ബിജു മാത്യു എന്നയാളെ നേരിൽ കേട്ടപ്പോൾ ടിയാൾ അറിയിച്ചു.

ബ്ലോക്ക് പഞ്ചായത്ത് കമ്പ്യൂട്ടർ പരിശീലനത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ ഒരാളായ ശ്രീ. പി. എം. അജയൻ എന്നയാളെയും നേരിൽ കേൾക്കുകയുണ്ടായി. 1999-2000 വർഷത്തെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ പരിശീലനം ലഭിച്ചതായി അറിയിച്ചു.

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് നടത്തിയ ജനുവരി 2002-ൽ പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം നിലവിൽ ഇല്ലാത്തതിനാലും ഗുണഭോക്താക്കളുടെ ലിസ്റ്റും കമ്മിറ്റി തീരുമാനവും ഓഡിറ്റ് സമയത്ത് ലഭ്യമാക്കാത്തതിനാലും ആണ് ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക ഉൾപ്പെടുത്തിയത് എന്ന വിവരവും അറിയിക്കുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

18. **ഇടുക്കി ബ്ലോക്കുപഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് നടത്തിയ ജനുവരി 2002-ൽ പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം നിലവില്ലാത്തതിനാലും ഗുണഭോക്താക്കളുടെ ലിസ്റ്റ്, കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാലും ആണ് പ്രസ്തുത പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടിവന്നത് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ 20 പേർക്ക് പരിശീലനം നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഠിതാക്കൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായി ഫയലിൽ രേഖയില്ലെന്നും ഓഡിറ്റ് വിഷയവുമായി ബന്ധപ്പെട്ട രേഖകൾ നിർവ്വഹണോദ്യോഗസ്ഥനായ മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസ് വകുപ്പിൽ ഹാജരാക്കിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നതും പഞ്ചായത്തിന് നഷ്ടപ്പെട്ടതുമായ തുക മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മത്സ്യബൂത്ത്—അനധികൃതമായി തുക നൽകി**

പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ഥിരം തൊഴിലില്ലാത്ത മത്സ്യ വിപണനത്തിൽ താത്പര്യമുള്ള പത്തു പേർക്ക് മൂലമറ്റം ടൗണിൽ മത്സ്യ വിപണന ബൂത്ത് ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി അനുസരിച്ച് 42,216 രൂപ 29-3-1999-ന് മൂലമറ്റത്തെ ഡ്രീം ലാന്റ് ചാരിറ്റബിൾ സൊസൈറ്റി എന്ന സ്ഥാപനത്തിന് മത്സ്യവിപണനം നടത്തുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കായി നൽകിയിട്ടുണ്ട്. ധനസഹായം നൽകുന്നതിന് പഞ്ചായത്ത് തീരുമാനം എടുത്തിട്ടുള്ളതായി

കാണുന്നില്ല. ടി സൊസൈറ്റി രജിസ്റ്റർ ചെയ്തിരിക്കുന്നത് 24-3-1999-ൽ മാത്രമാണ്. സർക്കാർ ഉത്തരവനുസരിച്ച് 6 മാസത്തെ പ്രവർത്തന പാരമ്പര്യമില്ലാത്ത സംഘങ്ങൾക്ക് ധനഹായത്തിന് അർഹതയില്ല. ഇതിന് വിരുദ്ധമായി ധനസഹായം നൽകിയ നടപടി അധികാര ദുർവിനിയോഗമാണ്. ധനസഹായം നേടുന്നതിന് വേണ്ടി മാത്രം തട്ടിക്കൂട്ടിയെടുത്ത സംഘമാണിതെന്ന് ആഡിറ്റിൽ വ്യക്തമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ 42,216 രൂപ 24 ശതമാനം പലിശ ഉൾപ്പെടെ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.I.6.I (ii)]

19. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

തുക ചെലവഴിച്ചത് ഗവൺമെന്റ് ഉത്തരവിൻപ്രകാരം അർഹതയില്ലാത്ത സ്ഥാപനത്തിനാണെന്ന് കാണുന്നു. ബ്ളോക്ക് പഞ്ചായത്ത് നൽകിയ ഉപകരണങ്ങൾ ഇപ്പോഴും സ്ഥാപനത്തിന്റെ കൈവശമുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1-11-2003-ലെ എൽ.എഫ്/19377/സ്പെഷ്യൽ.സെൽ (എസ്.സി2)/02 നമ്പർ സർച്ചാർജ് സർട്ടിഫിക്കറ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറി (ഇൻ-ചാർജ്) ശ്രീ. എ. തങ്കപ്പന് നൽകിയിട്ടുണ്ട്. ടിയാൻ 31-8-2003-ൽ സർവ്വീസിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞതാണ്.

20. 21-8-2008-ൽ കൂടിയ സമിതി യോഗം ഓഡിറ്റ് പരാമർശത്തിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തി. മത്സ്യവിപണന ബൂത്ത് തുടങ്ങുന്നതിന് സംഘം രജിസ്റ്റർ ചെയ്തതിന്റെ പിറ്റേദിവസംതന്നെ ധനസഹായം നൽകിയത് സംബന്ധിച്ച് ഉത്തരവാദിയായ മുൻ സെക്രട്ടറിയോട് സമിതി വിശദീകരണം ആരാഞ്ഞു. സർക്കാർ നിർദ്ദേശമനുസരിച്ച് ആറുമാസത്തെ പ്രവർത്തന പരിചയമില്ലാത്ത സംഘത്തിന് ധനസഹായം നൽകുന്നത് ക്രമവിരുദ്ധമാണെന്ന് സമിതി ചൂണ്ടിക്കാട്ടി. ധനസഹായം അനുവദിച്ച് നൽകിയതിന് തന്റെ പേരിൽ സർചാർജ്ജ് നോട്ടീസ് നൽകിയെങ്കിലും കാലഹരണപ്പെട്ടുപോയതിനാൽ സർചാർജ്ജ് നിലനിൽക്കുന്നതല്ല എന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർചാർജ്ജ് നടപടിയിൽ നിന്നും തന്നെ ഒഴിവാക്കുകയാണുണ്ടായതെന്ന് അന്നത്തെ സെക്രട്ടറി സമിതിയെ അറിയിച്ചു.

സർചാർജ്ജ് നടപടി പിൻവലിച്ചാലും സർക്കാരിനുണ്ടായ നഷ്ടം വീണ്ടെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിക്കണമെന്നും ആയതിനാൽ സ്ഥാപനത്തിന്റെ പ്രവർത്തനം നിലച്ച സാഹചര്യത്തിൽ, അതിലെ ഉപകരണങ്ങൾ വീണ്ടെടുക്കുന്നതിനും അനധികൃതമായി ചെലവഴിച്ചതും ഓഡിറ്റ് നിരാകരിച്ചതുമായ തുക വീണ്ടെടുക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. എ. തങ്കപ്പനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും ആയത് ഒരു മാസത്തിനകം സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യുന്നതിനും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയേയും അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണറേയും സമിതി ചുമതലപ്പെടുത്തി.

21. തെളിവെടുപ്പുയോഗത്തിൽ സമിതി ആവശ്യപ്പെട്ട അധികവിവരങ്ങൾ 28-3-2009-ലെ 46589/എസി2/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർത്തിരിക്കുന്നു :

മത്സ്യബൂത്ത് നടത്തിപ്പിനായി വിതരണം ചെയ്തിരുന്ന ഫ്രീസർ, സ്റ്റെബിലൈസർ, മേശ, കസേര എന്നീ സാധനങ്ങൾ ഏറ്റെടുത്ത് 15-11-2008-ൽ ബ്ളോക്ക് പഞ്ചായത്തിൽ എത്തിക്കുകയും 20-11-2008-ന് ലേലം നടത്താൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർലേലത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നതായി ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം 42,216 രൂപയും പലിശയും ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

22. **സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായും പഞ്ചായത്ത് തീരുമാനമില്ലാതെയും അർഹതയില്ലാത്ത സ്ഥാപനത്തിന് ധനസഹായ തുകയായി നൽകിയ 42,216 രൂപ അക്കാലത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസ്, പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. എ. തങ്കപ്പൻ എന്നിവരിൽ നിന്നും തുല്യമായി ആർ. ആർ. നടപടിയിലൂടെ തിരികെ ഈടാക്കാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബോധവൽക്കരണ വൈദ്യസഹായ ക്യാമ്പുകൾ—നടത്തിപ്പിലെ ക്രമക്കേടുകൾ**

ഇടുക്കി ബ്ളോക്ക് പഞ്ചായത്ത് പരിധിയിൽവരുന്ന പട്ടികവിഭാഗ കോളനികളിൽ നടത്തിയ ബോധവൽക്കരണ വൈദ്യസഹായ ക്യാമ്പുകളിൽ (പ്രോജക്ട് നമ്പർ 117) വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ആഡിറ്റിൽ കണ്ടെത്തി. ടി പ്രോജക്ടുകൾക്ക് വേണ്ടി സംഘാടക സമിതികൾ രൂപീകരിക്കാൻ വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും അത്തരം സമിതികൾ രൂപീകരിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ആരാണ് മരുന്നുകൾക്കും കണ്ണടകൾക്കും ശുപാർശ ചെയ്തതെന്ന കാര്യം അവ്യക്തമാണ്. മരുന്നുകളും കണ്ണടകളും വാങ്ങിയതിന്റെ ബില്ലുകൾ ഹാജരാക്കിയിട്ടുള്ളത് വ്യാജമാണെന്ന് ഓഡിറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ പട്ടികവിഭാഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ലാത്ത സാഹചര്യത്തിൽ അർഹരായവർക്കാണോ കണ്ണടകളും മറ്റും നൽകിയതെന്നുള്ളത് വ്യക്തമല്ല. ഈ കാര്യങ്ങളിൽ നിന്നും ഇപ്രകാരം ക്യാമ്പുകൾ നടന്നിട്ടുണ്ടോ എന്നും ചെലവുകൾ വ്യാജമാണോ എന്നും ഓഡിറ്റിൽ സംശയിക്കുന്നു. മണിപ്പാറയിൽ നടന്ന ക്യാമ്പിൽ ആകെ 14,440 രൂപയും (ഇതിൽ ആഡിറ്റിൽ 7430 രൂപാ നിരാകരിക്കുകയും 7010 രൂപ തടസ്സപ്പെടുത്തുകയും ചെയ്തിട്ടുണ്ട്) മണിയാറംകുടി പട്ടികജാതി കോളനിയിൽ വച്ചു നടന്ന നേത്രചികിത്സാ ക്യാമ്പിന് 14,689 രൂപയും (14,689 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു) നൽകിയിട്ടുണ്ട്. ഇതുകൂടാതെ തെരഞ്ഞെടുത്ത മറ്റു രണ്ടു പട്ടികജാതി കോളനികളിലെ (പ്രൊജക്ട് നമ്പർ 154) ബോധവൽക്കരണ വൈദ്യസഹായ ക്യാമ്പുകൾ

നടത്തുന്നതിനായി പദ്ധതി വിഹിതമായി ഉൾപ്പെടുത്തിയിരുന്ന 29,794 രൂപയിൽ തോപ്രാംകുടി ചെക്കു പരിശോധനാ ക്യാമ്പിലേക്കായി 8530 രൂപയും 11-3-1999-ൽ അറക്കുളം ഗ്രാമപഞ്ചായത്തിലെ ഏലപ്പള്ളിയിൽ നടത്തുന്ന നേത്ര ചികിത്സാ ക്യാമ്പിലേക്ക് 3000 രൂപയും കൺവീനർമാർ പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു പ്രവർത്തനവും നടത്തിയതായി കാണുന്നില്ല. ഈ ഇനത്തിൽ ആകെ 33649 രൂപാ നിരാകരിക്കുകയും 7010 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.1.6.1(iii)]

23. മേൽ ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08/തസ്വഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13716/2003 നമ്പർ പ്രകാരം 3,000 രൂപാ തടസ്സം ഒഴിവാക്കിയിട്ടുണ്ട്. തുക ചെലവഴിച്ചത് പ്രൊജക്ടിനു അനുസൃതമല്ല എന്നു കാണുന്നു. ലോക്കൽ ഫണ്ട് ഡയറക്ടറുടെ 1-11-2003-ലെ എൽഎഫ്/19377/സ്പെ. സെൽ (എസ്.സി2)/02 നമ്പർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം, നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന സെക്രട്ടറി (ഇൻ-ചാർജ്) ശ്രീ. എ. തങ്കപ്പന് നൽകിയിട്ടുണ്ട്. ടിയാൻ 31-8-2003-ൽ സർവ്വീസിൽ നിന്നും പെൻഷൻ പറ്റി പിരിഞ്ഞതാണ്.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പട്ടികവിഭാഗ കോളനിയിൽ നടത്തിയ ബോധവൽക്കരണ വൈദ്യസഹായ ക്യാമ്പുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി സമിതി വിലയിരുത്തി. സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് മറികടന്ന് തുക ചെലവഴിക്കുന്നതിന് ഉത്തരവിട്ട ബ്ലോക്ക് പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസിനെതിരെ ക്രമവിരുദ്ധമായി ചെലവഴിച്ച തുക പലിശ സഹിതം തിരിച്ചീടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് അക്കാര്യം സമിതി മുമ്പാകെ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു.

24. സമിതിയുടെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ 28-3-2009-ലെ 46589/എ സി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

"കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം തുക അടയ്ക്കണമെന്നാവശ്യപ്പെട്ട് മുൻ പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസിന് 31-1-2009-ൽ പി-303/07 നമ്പർ കത്തു പ്രകാരം രജിസ്റ്റേർഡ് നോട്ടീസ് അയച്ചിട്ടുണ്ട്. 25199 രൂപ ആർ.ആർ നടപടി വഴി മുൻ സെക്രട്ടറി ശ്രീ. തങ്കപ്പനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കാൻ 17-9-2008-ലെ പി. 3035/08 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്."

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

25. **മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ അഗസ്റ്റിൻ തോമസിനും, മുൻ സെക്രട്ടറി ശ്രീ. എ. തങ്കപ്പനും എതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമിതിക്കു ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫോട്ടോകോപ്പിയറിന് അധികം വില നൽകി**

ബ്ളോക്ക് പഞ്ചായത്തിന് ഫോട്ടോ കോപ്പിയർ വാങ്ങുന്നതിന് ക്ഷണിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക 60,000 രൂപ ക്വോട്ട് ചെയ്ത തൊടുപുഴയിലെ യുണൈറ്റഡ് ബിസിനസ്സ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാതെ 1,09,547 രൂപ ചെലവാക്കി ഇലക്ട്രോണിക് മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഫോട്ടോ കോപ്പിയർ വാങ്ങിയത് വഴി പഞ്ചായത്തിന് 49547 രൂപയുടെ നഷ്ടം സംഭവിച്ചതായി ഓഡിറ്റിൽ കണ്ടെത്തി. തനത് ഫണ്ടിൽ നിന്നും 18-3-2002-ലെ ചെക്ക് നമ്പർ 25553 പ്രകാരം പിൻവലിച്ച 49,547 രൂപ ആർക്കെങ്കിലും നൽകിയതായി രസീതും ലഭ്യമാക്കിയിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പാർട്ട് ഖണ്ഡിക നം. 3.6.1.1.1)]

26. മേൽ ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2001-02 വർഷത്തിലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി 155 നമ്പർ പ്രോജക്ട് പ്രകാരം ടി ബ്ലോക്കിൽ ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുന്നതിന് തീരുമാനിച്ചു. ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച തൊടുപുഴ ബിസിനസ് കോർപ്പറേഷൻ യുണൈറ്റഡ് എന്ന സ്ഥാപനം കാനൻ എൻ.പി. 145 എന്ന മോഡലിന്റെ വിലയാണ് ക്വാട്ടു ചെയ്തിരുന്നത്. കൊച്ചി ബിസിനസ് ഇലക്ട്രോണിക്സ് സമർപ്പിച്ചത് സ്റ്റെബിലൈസറോടുകൂടിയ ഷാർപ്പ് മെഷീൻ ആയിരുന്നു. വിദഗ്ദ്ധോപദേശം തേടിയപ്പോൾ ഷാർപ്പ് മെഷീനാണ് കൂടുതൽ മെച്ചപ്പെട്ടത് എന്നതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി ഷാർപ്പ് മെഷീൻ വാങ്ങുന്നതിന് തീരുമാനിക്കുകയാണ് ഉണ്ടായത്. [തീരുമാനം നമ്പർ 4(a) തീയതി 21-1-2002] ഫോട്ടോ കോപ്പിയർ മെഷീൻ വാങ്ങുന്നതിന് 24-10-2000-ലെ ഗ്രാമവികസന കമ്മീഷണറുടെ 16638/19/ഡി.എസ്/98 സർക്കുലർ പ്രകാരം അനുവാദം ഉള്ളതാണ്. ആയതിനാൽ പ്രോജക്ടിൽ ഉൾക്കൊള്ളിച്ചിരുന്ന 85,000 രൂപയും ബാക്കി തനത് ഫണ്ടും (തീരുമാനം നമ്പർ 5 തീയതി 21-1-2002) ഉപയോഗിച്ചാണ് ഫോട്ടോകോപ്പിയർ വാങ്ങിയത്. ഇത് സംബന്ധിച്ച് തുക കൈപ്പറ്റിയതിന്റെ രസീതുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 27-12-2006-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ് 6045/

സ്പെ.സെൽ (എസ്.സി2)/06 നമ്പർ പ്രകാരം സർച്ചാർജ്ജ് സർട്ടിഫിക്കറ്റ്, ടി കാലയളവിൽ പഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. സി. എസ്. ഗോപിനാഥന്റെ പേരിൽ നൽകിയിട്ടുള്ളതാണ്. 31-8-2007-ൽ സർവ്വീസിൽ നിന്നും പെൻഷനായ ടിയാന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

27. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 21-8-2008-ലെ തെളിവെടുപ്പുയോഗത്തിൽ ഗുണമേന്മയുള്ള ഫോട്ടോ കോപ്പിയർ കൂടിയ വിലയ്ക്ക് വാങ്ങിയത് ക്രമ വിരുദ്ധമായല്ലെന്നും, ഫോട്ടോ കോപ്പിയർ വാങ്ങിയതിന് ബളോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ മുൻകൂർ അനുമതി ഉണ്ടായിരുന്നെന്നും തുക നൽകിയതിന്റെ വൗച്ചർ സൂക്ഷിച്ചിട്ടുണ്ടെന്നും സമിതി മുമ്പാകെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

28. ഇതിന്മേൽ 28-3-2009-ലെ 46589/എസി2/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ 3-11-2008-ൽ ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയും ആയത് കണ്ട് ബോദ്ധ്യപ്പെട്ടതായി എൽ.എഫ് 14/843/08 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. "

## നിഗമനങ്ങൾ/ശുപാർശകൾ

29. **ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## II അഴുത ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പ്രസിഡന്റ് കൈപ്പറ്റിയ തുകകൾ-വൗച്ചറുകൾ ഹാജരാക്കിയില്ല**

ചെക്ക് നമ്പർ 918137/13-11-1998 പ്രകാരം 10,000 രൂപാ പ്രസിഡന്റ് ശ്രീമതി ബിജിമോൾ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ എന്താവശ്യത്തിനാണ് തുക കൈപ്പറ്റിയിരിക്കുന്നതെന്ന് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 182(7), (8) വകുപ്പുകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിന്റെ സൂക്ഷിപ്പുകാരൻ പഞ്ചായത്ത് സെക്രട്ടറിയാണ്. ഫണ്ടിൽ നിന്നുള്ള പിൻവലിക്കൽ, ചെലവ് ചെയ്യൽ എന്നിവ സെക്രട്ടറിയുടെ ഉത്തരവാദിത്വമായിരിക്കെ പ്രസിഡന്റ് തുക കൈപ്പറ്റി കൈകാര്യം ചെയ്യേണ്ട ആവശ്യം എന്താണെന്ന് വ്യക്തമല്ല. കൈപ്പറ്റിയ തുകയുടെ ചെലവ് വൗച്ചറുകളും ഹാജരാക്കിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ പ്രസിഡന്റ് കൈപ്പറ്റിയ 10,000 രൂപ 24% പലിശ സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ vii.I.6.2(i)]

30. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഖണ്ഡിക VII.6.2 (1) പ്രകാരം മുൻ പ്രസിഡന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ തിരിച്ചടയ്ക്കേണ്ടതായ 10,000 രൂപയിന്മേൽ ടിയാൾക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17-11-2004-ലെ എൽ.എഫ് 17589/സ്പെ.സെൽ (എസ്.സി2)/04 സർചാർജ്ജ് നോട്ടീസ് അനുസരിച്ച് 10,000 രൂപ തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം 10,000 രൂപ മുൻ പ്രസിഡന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ ഈ ഓഫീസിലെ 5-9-2005-ാം തീയതിയിലെ 32-ാം നമ്പർ രസീതിൻപ്രകാരം അടച്ചിട്ടുള്ളതും ബ്ലോക്ക് പഞ്ചായത്ത് സെകട്ടറിയുടെ ജനറൽ പർപ്പസ് ഫണ്ടിൽ ടി തുക നിക്ഷേപിച്ചി ട്ടുള്ളതുമാകുന്നു. ഓഡിറ്റിൽ പരാമർശിച്ചിരുന്ന പ്രകാരമുള്ള 24% പലിശ ടിയാൾ നാളിതുവരെ അടച്ചിട്ടില്ലാത്തതാകുന്നു.

31. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിരിക്കുന്ന തുക മുൻ പ്രസിഡന്റ് ഒടുക്കിയ തായി 21-8-2008-ൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സമിതി മുൻപാകെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കിയത് സംബന്ധിച്ച രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോധ്യപ്പെടുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി അറിയിച്ചു.

32. ഇതേ തുടർന്ന് ലഭിച്ച 28-3-2009-ലെ 46589/എസി2/08/ത.സ്വ.ഭ.വ.നമ്പർ കത്തിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം പ്രസിഡന്റ് തുക തിരിച്ചടച്ചതിന്റെ രേഖകൾ 11-8-2008-ലെ ബി.1-802/08 നമ്പർ കത്ത് പ്രകാരം ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

33. 26-8-2010-ലെ കരടുറിപ്പോർട്ടു പരിഗണനാവേളയിൽ ഓഡിറ്റ് പരാമർശ ത്തിന്മേൽ പരിശോധനാ റിപ്പോർട്ടു സമർപ്പിക്കുവാൻ ഓഡിറ്റു വകുപ്പിനോട് സമിതി ആവശ്യപ്പെട്ടിരുന്നു. ആയതിൻപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു. (21-12-2010-ലെ 19920/സ്പെ.സെൽ ജി3/10 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത്)

"അഴുത ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 26- പ്രസിഡന്റ് കൈപ്പറ്റിയ തുകകൾ-വൗച്ചറുകൾ ഹാജരാക്കിയില്ല-എന്ന ഖണ്ഡികയിൽ നിരാകരിച്ച 10,000 രൂപ ഓഡിറ്റ് പരാമർശത്തിന് നാളിതുവരെ മറുപടി സമർപ്പി ച്ചിട്ടില്ല. ഉത്തരവാദിയായ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിജിമോൾ പണം പഞ്ചായത്തിൽ ഒടുക്കിയതായി നാളിതുവരെ ബന്ധപ്പെട്ട ഓഫീസിനെ അറിയിച്ചി ട്ടുമില്ല. ആയതിനാൽ പരിശോധിക്കുവാനും കഴിഞ്ഞിട്ടില്ല എന്നാണ് ഇടുക്കി ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്."

നിഗമനങ്ങൾ/ശുപാർശകൾ

34. **നഷ്ടത്തിനുത്തരവാദിയായ ശ്രീമതി ബിജിമോൾ പണം തിരികെ ഒടുക്കിയതായി നാളിതുവരെ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ഓഡിറ്റ് പരാമർശത്തിന് നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലെന്നും ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടറുടെ 21-12-2010-ലെ 19920/സ്പെ.സെൽജി3/10 നമ്പർ കത്തു പ്രകാരം അറിയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കൽ-ധനാപഹരണം 35,000 രൂപ**

നബാർഡിന്റെ R.I.D.F. റൂറൽ റോഡ് ഇംപ്രൂവ്മെന്റ് ആൻഡ് കൺസ്ട്രക്ഷൻ ഓഫ് കോലാഹലമേട് കാവക്കുളം വാകക്കാട് ചെമ്മണ്ണ് കുരിശ്ശടി റോഡ് എന്ന പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കും വേണ്ടി പ്രസിഡന്റ് 35000 രൂപാ കൈപ്പറ്റുകയും വിവിധ ആവശ്യങ്ങൾക്കായി ചെലവാക്കിയതായി കാണിച്ചിട്ടുമുണ്ട്. ഈ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടില്ല. ഡി.പി.സി. അംഗീകരിക്കാതെ തിരിച്ചയച്ച പദ്ധതിയാണിത്. ബ്ലോക്കിൽ തന്നെ അസിസ്റ്റന്റ് എൻജിനീയറും ഓവർസീയറും ഉള്ളപ്പോൾ എന്തുകൊണ്ടാണ് ഒരു പ്രൈവറ്റ് ഏജൻസിയെ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമല്ല. ബി.എൽ.ഇ.സി.യും ഡി.പി.സി.യും അംഗീകരിക്കാതെ വിയോജനക്കുറിപ്പ് നിലനിൽക്കെ പ്രസിഡന്റ് കൈപ്പറ്റി ചിലവാക്കിയതായി കാണിച്ച 35,000 രൂപ ആഡിറ്റിൽ നിരാകരിക്കുന്നു. ടി തുക 24% പലിശ ഉൾപ്പെടെ തിരികെ അടയ്ക്കുവാൻ ആഡിറ്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.I.6.2.(ii)]

35. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

ഖണ്ഡിക VII.6.2.(ii) പ്രകാരം മുൻ പ്രസിഡന്റ് ശ്രീമതി ഇ.എസ്. ബിജിമോൾ 35,000 രൂപ കൈപ്പറ്റിയിരുന്നു എന്നതിന് ലോക്കൽ ഫണ്ട് ഡയറക്ടറുടെ 17-11-2004-ലെ LF-17582/SC2/04 സർചാർജ്ജ് നോട്ടീസ് അനുസരിച്ച് 17,500 രൂപ മുൻ പ്രസിഡന്റിനും 17,500 രൂപ ടി കാലയളവിലെ സെക്രട്ടറിയിലും നിജപ്പെടുത്തി നോട്ടീസ് നൽകിയിരുന്നു. ഇതിൻ പ്രകാരം മുൻ പ്രസിഡന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ ടി തുകയായ 17,500 രൂപ 5-9-2005-ാം തീയതിയിലെ 32-ാം നമ്പർ രസീത് പ്രകാരം അടച്ചിട്ടുള്ളതും, ടി തുക ബ്ലോക്ക് പഞ്ചായത്ത് ജനറൽ പർപ്പസ് ഫണ്ടിൽ അടച്ചിട്ടുള്ളതുമാണ്. ബാക്കി തുകയായ 17,500 രൂപ മുൻ സെക്രട്ടറി ശ്രീ. പി. കെ. ശിവദാസ് നാളിതുവരെ അടച്ചിട്ടില്ലാത്തതാകുന്നു. ടി വിവരം കാണിച്ച് ടിയാന് ഈ ഓഫീസിൽ നിന്നും കത്തുകൾ നൽകിയിട്ടുള്ളതാകുന്നു.

36. 21-8-2008-ലെ തെളിവെടുപ്പു യോഗത്തിൽ, ഓഡിറ്റു പരാമർശത്തിൽ പറഞ്ഞിരിക്കുന്ന തുകയിൽ (35,000), 17,500 രൂപ മുൻ പ്രസിഡന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ ഒടുക്കിയതായി സമിതി മുൻപാകെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. ആയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റു വകുപ്പു മുമ്പാകെ പരിശോധനയ്ക്കായി സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

26-8-2010-ലെ കരടുറിപ്പോർട്ടു പരിഗണനാവേളയിൽ സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു.

"അഴുത ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 30 റോഡ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കൽ-ധനാപഹരണം എന്ന ഖണ്ഡികയിൽ 35,000 രൂപ നഷ്ടമായി നിജപ്പെടുത്തുകയും പ്രസിഡന്റ് ശ്രീമതി ഇ. എസ്. ബിജിമോൾ, സെക്രട്ടറി, പി. കെ. ശിവദാസ് എന്നിവരെ തുല്യ ഉത്തരവാദികളായി നിർണ്ണയിക്കുകയും ചെയ്തിരുന്നു.

പ്രസിഡന്റിന്റെ മേൽവിലാസം താഴെ കൊടുക്കുന്നു :

ശ്രീമതി ഇ. എസ്. ബിജിമോൾ, പന്തല്ലൂപ്പറമ്പിൽ, ചെമ്മണ്ണ്, ഏലപ്പാറ പി.ഒ. ഇടുക്കി

കേരള പഞ്ചായത്ത് രാജ് നിയമം 182-ാം വകുപ്പ് പ്രകാരം സെക്രട്ടറി കാര്യനിർവ്വഹണ ഉദ്യോഗസ്ഥനും VIII-ാം ഉപ വകുപ്പ് പ്രകാരം പഞ്ചായത്ത് ഫണ്ടിന്റെ സുരക്ഷിത സൂക്ഷിപ്പിന് ഉത്തരവാദിയുമായിരിക്കെ ഖണ്ഡികയിൽ പരാമർശിച്ച നഷ്ടത്തിന്റെ സംഗതിയിൽ അദ്ദേഹം ഈ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ പരാജയപ്പെട്ടു. പ്രസ്തുത ചെലവിനെതിരെ സെക്രട്ടറി യാതൊരു വിയോജനവും രേഖപ്പെടുത്തിയിട്ടില്ല. 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 16-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം നിയമവിരുദ്ധമായ ഏതൊരു ചെലവിന്റേയും ഉത്തരവാദിത്വം ചെലവ് ചെയ്യുന്ന വ്യക്തിയിലോ, ചെലവ് ചെയ്യാൻ അനുമതി നൽകുന്ന വ്യക്തിയിലോ നിക്ഷിപ്തമായിരിക്കും.

ഖണ്ഡിക 30-ലെ പരാമർശത്തിന്റെ കാര്യത്തിൽ നിയമവിരുദ്ധമായ ചെലവ് സെക്രട്ടറി നടത്തുകയും പ്രസിഡന്റ് അധികാരപ്പെടുത്തുകയും തുക കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ചെലവ് നിയമ വിരുദ്ധമാണെന്ന വിവരം പ്രസിഡന്റിനെ ബോദ്ധ്യപ്പെടുത്തിയില്ല. ഇക്കാരണങ്ങളാലാണ് പ്രസിഡന്റിനെയും സെക്രട്ടറിയെയും തുല്യ ഉത്തരവാദികളായി നിർണ്ണയിച്ചത്."

[ലോ.ഫ.ഓ.വ. ഡയറക്ടറുടെ 21-12-2010-ലെ 19920/സ്പെ.സെൽ.ജി3 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത്]

## നിഗമനങ്ങൾ/ശുപാർശകൾ

37. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 21-12-2010-ലെ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ചു. ഓഡിറ്റ് പരാമർശ കാലയളവിലെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിജിമോൾ, 5-9-2005-ലെ 32-ാം നമ്പർ രശീതി പ്രകാരം ബാദ്ധ്യത തുകയായ 17,500 രൂപ പഞ്ചായത്തു ഫണ്ടിൽ**

**ഒടുക്കിയ സാഹചര്യത്തിൽ ശ്രീമതി ബിജിമോൾക്കെതിരെയുള്ള പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. എന്നാൽ അന്നത്തെ സെക്രട്ടറി ശ്രീ. പി. കെ. ശിവദാസൻ തുക അടയ്ക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

## III. അടിമാലി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വൗച്ചറുകളിൽ വിശദാംശങ്ങളുടേയും പിൻബല രേഖകളുടേയും അഭാവം- പണാപഹരണമാണെന്ന് സംശയിക്കുന്നു.**

1998-99 വർഷത്തെ വൗച്ചറുകൾ സെക്രട്ടറി മാത്രം ഒപ്പിട്ട് ക്യാഷ് ചെയ്തതായി കാണുന്നു. പഞ്ചായത്ത് പ്രസിഡന്റ് വൗച്ചറുകൾ ഒന്നും തന്നെ കാണുകയോ, ഒപ്പിട്ട് പാസ്സാക്കുകയോ ചെയ്തിട്ടില്ല. ഇത് ഗുരുതരമായ നിയമ ലംഘനമാണ്. 1998 സെപ്റ്റംബർ മാസത്തെ വൗച്ചറുകൾ പരിശോധിച്ചപ്പോൾ കുറേ വ്യക്തികളുടെ പേരും തുകയും മാത്രമെഴുതി തുക നൽകിയിരിക്കുന്നതായി കാണുന്നു. എന്ത് ആവശ്യത്തിനാണ് തുകകൾ നൽകിയിരിക്കുന്നതെന്ന് അറിയുവാൻ യാതൊരു വിശദാംശങ്ങളോ പിൻബലരേഖകളോ ലഭ്യമാക്കിയിട്ടില്ല. ആഡിറ്റ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും വൗച്ചറുകളുടെ നിജസ്ഥിതി പരിശോധിക്കുവാൻ പര്യാപ്തമായ ഒരു വിശദീകരണങ്ങളും രേഖകളും ഹാജരാക്കിയിട്ടില്ല. ഈ ഇനത്തിൽ ആകെ 1,14,185 രൂപ നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ വൗച്ചറുകളിന്മേൽ നൽകിയിട്ടുള്ള മുഴുവൻ തുകയും പണാപഹരണമായി കണക്കാക്കുകയും 1997-ലെ കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയിലെ നിയമത്തിന് വിരുദ്ധമായതിനാൽ തുക ആഡിറ്റിൽ നിരാകരിക്കുകയും ചെയ്യുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും 24 ശതമാനം പിഴപ്പലിശയുൾപ്പെടെ ഈടാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII.I.6.7.(i)]

38. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

ആഡിറ്റ് പരാമർശിച്ച തുകകളെ സംബന്ധിച്ചുള്ള അനുബന്ധ രേഖകൾ കണ്ടെത്തുന്നതിന് ഈ ആഫീസിൽ ലഭ്യമായ എല്ലാ രേഖകളും പല പ്രാവശ്യം പരിശോധിച്ചുവെങ്കിലും ഒന്നും കണ്ടുകിട്ടുകയുണ്ടായില്ല. ഈ തുക നൽകിയ ചെക്കുകളുടെ കൗണ്ടർ ഫോയിലുകളോ, കൈപ്പറ്റ് രസീതുകളോ കണ്ടെത്താനായില്ല. ക്യാഷ് ബുക്കിൽ ഈ തുകകളെ സംബന്ധിച്ചുള്ള ചെലവുകൾ രേഖപ്പെടുത്തിയിട്ടുമില്ല.

ഈ ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്നും, ബാധ്യതാ തുക അടയ്ക്കണമെന്നും കാണിച്ച് അന്നത്തെ സെക്രട്ടറിക്ക് 22-7-2005-ൽ അയച്ച രജിസ്ട്രേഡ് കത്ത് ടിയാൻ കൈപ്പറ്റാതെ തിരിച്ചു വരികയാണുണ്ടായത്.

ഈ സമയത്ത് പഞ്ചായത്തുവിഭാഗം കൈകാര്യം ചെയ്തിരുന്ന ശ്രീ. പി. വി. ഐസക് എന്ന ജൂനിയർ സൂപ്രണ്ട് യാതൊരു രേഖകളും ഔദ്യോഗികമായി കൈമാറാതെയാണ് വിരമിച്ചത് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഓഡിറ്റ് നടത്തിയ ദിവസങ്ങളിൽ ഈ വ്യക്തിയുടെ സേവനം ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രതികരിക്കുകയുണ്ടായില്ല.

ഇക്കാരണത്താൽ ആഡിറ്റുകാർ ആവശ്യപ്പെട്ട പല രേഖകളും അന്നുണ്ടായിരുന്ന ഉദ്യോഗസ്ഥർക്ക് കണ്ടെത്തി ഹാജരാക്കാൻ കഴിഞ്ഞിരുന്നില്ല.

39. 21-8-2008-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദിയായ മുൻ സെക്രട്ടറിയുടെ പെൻഷൻ ആനുകൂല്യത്തിൽ നിന്നും ഈടാക്കുന്നതിന് പഞ്ചായത്തു വകുപ്പു നടപടി സ്വീകരിക്കുകയും ശേഷിക്കുന്ന തുകയ്ക്ക് ആർ. ആർ. നടപടിയും സ്വീകരിച്ച് സമിതിക്കു റിപ്പോർട്ടു നൽകണമെന്ന് സമിതി നിർദ്ദേശം നൽകി.

40. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-3-2009-ലെ 46589/എസി2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എം. കെ. പുരുഷോത്തമൻനായരിൽ നിന്നും തുക ഈടാക്കുവാൻ റവന്യൂറിക്കവറി നടത്തുന്നതിനായി വിശദാംശങ്ങൾ സഹിതം 20-10-2008-ൽ ഇ 2437/08 നമ്പർ കത്ത് പ്രകാരം എറണാകുളം ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചതായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

## നിഗമനങ്ങൾ/ശുപാർശകൾ

41. **വ്യക്തമായ രേഖകൾ സൂക്ഷിക്കാതെ ധനവിനിയോഗം നടത്തുകയും ബന്ധപ്പെട്ട രേഖകൾ ഔദ്യോഗികമായി കൈമാറാതെയും ഓഡിറ്റ് സമയത്ത് സഹകരിക്കാതെയുമിരുന്ന ശ്രീ. പി. വി. ഐസക്ക് (ജൂനിയർ സൂപ്രണ്ട്), അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എം. കെ. പുരുഷോത്തമൻ നായർ എന്നിവരിൽനിന്നും 1998-99-ൽ മതിയായ ഓതറൈസേഷനില്ലാതെ വൗച്ചറുകൾ പാസാക്കി മാറിയെടുത്ത തുക 12% പലിശ സഹിതം അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## IV. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വ്യവസായ എസ്റ്റേറ്റിന് വേണ്ടി വാങ്ങിയ സ്ഥലം സ്ക്കൂൾ പണിയുന്നതിനായി വിട്ടുകൊടുത്തു.**

ബ്ലോക്ക് പരിധിയിലുള്ള കാർഷികാധിഷ്ടിത വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ രംഗത്ത് പുതുതായി വരുവാനാഗ്രഹിക്കുന്നവരുമായ വ്യക്തികളെ ഉൾപ്പെടുത്തി കാർഷിക വ്യവസായം പ്രോൽസാഹിപ്പിക്കുവാൻ വേണ്ടി നടപ്പിലാക്കുവാൻ ഉദ്ദേശിച്ച ഒരു പദ്ധതിയാണിത്.

പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി സ്ഥലം വാങ്ങുന്നതിന് 3-2-2000-ൽ ക്വട്ടേഷനുകൾ ക്ഷണിക്കുകയും ലഭിച്ച രണ്ട് ക്വട്ടേഷനുകളിൽ നിന്നും സെന്റിന് 2800 രൂപ നിരക്കിൽ നൽകാമെന്നേറ്റ ശ്രീ. കെ. റ്റി. തോമസിന്റെ അധീനതയിലുള്ള 2 ഏക്കർ സ്ഥലം ഒരു സെന്റിന് 2,500 രൂപ നിരക്കിൽ ആകെ 5 ലക്ഷം രൂപയ്ക്ക് വിലയ്ക്ക് വാങ്ങുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം 5-1-2001-ലെ എ3-14/99-10 നമ്പർ കത്ത് പ്രകാരം ഗവൺമെന്റ് പോളിടെക്നിക്കിന് കെട്ടിടം പണിയുന്നതിനായി വിട്ടുകൊടുത്തിരിക്കുന്നതായി കാണുന്നു.

ജനകീയാസൂത്രണ പദ്ധതിയുടെ സുതാര്യതയെ ചോദ്യം ചെയ്യുന്ന വിധം വ്യവസായ എസ്റ്റേറ്റിന് സ്ഥലം വാങ്ങുന്നതിന് വേണ്ടി പദ്ധതി തയ്യാറാക്കി സ്ഥലം വാങ്ങുകയും ആയത് സ്ക്കൂൾ കെട്ടിടം പണിയുന്നതിനായി വിട്ടുകൊടുത്ത നടപടി ശരിയല്ല. കാർഷിക വ്യവസായത്തെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി വാങ്ങിയ സ്ഥലം സ്ക്കൂൾ കെട്ടിടം പണിയുന്നതിനായി വിട്ടുകൊടുത്ത നടപടിയിൽ സർക്കാരിന്റെ സാധൂകരണം നേടുകയോ ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. ഈ ഇനത്തിൽ ചെലവായ 5 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.7.1)]

42. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08/ത.സ്വ.ഭവ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായത്തിനുളള കോമൺഫെസിലിറ്റി സെന്ററിനും വ്യവസായ എസ്റ്റേറ്റിനും സ്ഥലം വാങ്ങുക എന്ന പ്രോജക്ട് പ്രകാരം ഉടുമ്പൻചോല താലൂക്കിൽ കൽക്കൂന്തൽ വില്ലേജിൽ സർവ്വേ 65/3ൽപെട്ട രണ്ട് ഏക്കർ സ്ഥലം 5 ലക്ഷം രൂപാ മുടക്കി ബ്ലോക്ക് പഞ്ചായത്ത് വാങ്ങിയിരുന്നു. ടി സ്ഥലം നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഗവ. പോളിടെക്നിക്കിനുവേണ്ടി വിലയ്ക്കു വാങ്ങിയ 4 ഏക്കർ 15 സെന്റ് സ്ഥലത്തോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. 1999 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുപോന്നിരുന്ന ഗവ. പോളിടെക്നിക്കിന് 20 ഏക്കർ സ്ഥലം ലഭ്യമാക്കിയില്ലെങ്കിൽ സ്ഥാപനം മറ്റ് സ്ഥലത്തേക്ക് മാറ്റുകയോ നിർത്തിവയ്ക്കുകയോ ചെയ്യുമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അറിയിച്ചിരുന്നു.

നെടുങ്കണ്ടത്ത് പ്രവർത്തനം ആരംഭിച്ച ഗവ. പോളിടെക്നിക്കിന് ആവശ്യമായ സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഉടുമ്പൻചോല എം.എൽ.എ.യും, ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്ത് ജനപ്രതിനിധികളും, പൊതു പ്രവർത്തകരും ഉൾപ്പെടുന്ന നെടുങ്കണ്ടം ഗവ. പോളിടെക്നിക്ക് ഡവലപ്മെന്റ് കമ്മിറ്റി എന്നൊരു സംഘടന ഈ സമയത്ത് രൂപീകരിച്ച് ശക്തമായ പ്രവർത്തനം ആരംഭിച്ചിരുന്നു. വിദ്യാഭ്യാസപരമായി പ്രത്യേകിച്ച് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് അനുവദിച്ച ഗവ.

പോളിടെക്നിക്ക് എന്ന സ്ഥാപനം ഏത് വിധേനയും നിലനിറുത്തേണ്ടത് ഈ പ്രദേശത്തെ വിദ്യാഭ്യാസ പുരോഗതിക്ക് അനിവാര്യമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, പോളിടെക്നിക്ക് ഡവലപ്മെന്റ് കമ്മറ്റിക്കും ബോദ്ധ്യമായിരുന്നു. പ്രദേശവാസികളുടെ പൊതുവികാരവും അപ്രകാരമായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഏത് വിധേനയും നെടുങ്കണ്ടത്ത് അനുവദിച്ച ഒരു ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം നിലനിർത്തണമെന്ന് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി ഐകൃകണ്ഠേന തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ കോമൺഫെസിലിറ്റി സെന്ററിനും വ്യവസായ എസ്റ്റേറ്റിനും വേണ്ടി വാങ്ങിയ 2 ഏക്കർ സ്ഥലം ഗവ. പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടു കൊടുത്തത്.

എന്നാൽ മിനിമം 10 ഏക്കർ സ്ഥലമെങ്കിലും തയ്യാറാക്കി നൽകിയെങ്കിൽ മാത്രമേ പോളിടെക്നിക്ക് നിലനിറുത്തുവാൻ കഴിയുകയുള്ളു എന്ന കാരണത്താലും ബഹു. സർക്കാരിന്റെ അനുമതിയില്ലാതെ സ്ഥലം വിട്ടുകൊടുക്കുവാൻ ബ്ലോക്ക് പഞ്ചായത്തിന് അധികാരമില്ലെന്ന കാരണത്താലും ബ്ലോക്ക് പഞ്ചായത്ത് നൽകിയ രണ്ടേക്കർ സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തിരുന്നില്ല.

പിന്നീട് 26-8-2003-ാം തീയതി ബഹു. ഉടുമ്പൻചോല എം.എൽ.എ. ശ്രീ. കെ.കെ.ജയചന്ദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ പോളിടെക്നിക്ക് ഡവലപ്മെന്റ് കമ്മറ്റിയുടെയും, പി.റ്റി.എ.യുടേയും ജനപ്രതിനിധികളുടേയും യോഗത്തിൽ വച്ച് പോളിടെക്നിക്ക് ഏതുവിധേനയും നെടുങ്കണ്ടത്ത് നിലനിറുത്തുന്നതിന് വേണ്ട സ്ഥലം വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് നെടുങ്കണ്ടം, ഉടുമ്പൻചോല, പാമ്പാടുംപാറ, കരുണാപുരം എന്നീ ഗ്രാമപഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തും, ജില്ലാ പഞ്ചായത്തും പദ്ധതി വിഹിതത്തിൽ വകകൊള്ളിക്കണമെന്നും അപ്രകാരം വകയിരുത്തുന്ന തുക നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിനെ ഏൽപ്പിക്കുവാനും ബ്ലോക്ക് പഞ്ചായത്ത് സ്ഥലം വാങ്ങി നൽകുന്നതിനും തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയും, ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് 2ലക്ഷം രൂപയും നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് 3 ലക്ഷം രൂപയും 2003-04 വർഷത്തെ പദ്ധതി വിഹിതത്തിൽ വകകൊള്ളിക്കുകയും ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നേരത്തെ പോളിടെക്നിക്ക് ആവശ്യത്തിലേക്ക് വാങ്ങിയ 6.15 ഏക്കർ (4.15 ഏക്കർ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് + 2 ഏക്കർ ബ്ലോക്ക് പഞ്ചായത്ത്) സ്ഥലത്തോട് ചേർന്നുള്ള 3.85 ഏക്കർ സ്ഥലം സെന്റിന് 2447 രൂപയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് 31-3-2004-ന് വാങ്ങുകയും ചെയ്തു.

മേൽ വിവരിച്ച പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തും, ഗ്രാമപഞ്ചായത്തും വാങ്ങിയ 10 ഏക്കർ സ്ഥലം (4.15 ഏക്കർ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് + 5.85 ഏക്കർ ബ്ലോക്ക് പഞ്ചായത്തും, ഉടുമ്പൻചോല ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി) ബഹു. കേരള സർക്കാരിന്റെ 10-6-2004-ലെ ജി.ഒ. (ആർ.റ്റി) നമ്പർ 1925/2004/ ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (സി) വകുപ്പ് ഉത്തരവ് അനുസരിച്ച് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ടെന്ന വിവരം സമർപ്പിക്കുന്നു.

43. 21-8-2008-ൽ ചേർന്ന സമിതി യോഗം പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. പോളിടെക്നിക്കൽ ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ എന്നത് വ്യവസായത്തിന്റെ ഭാഗം തന്നെയാണെന്നും സ്ഥലമോ ഫണ്ടോ ദുർവിനിയോഗം ചെയ്തിട്ടില്ലെന്നും സമിതി വിലയിരുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

44. **പോളിടെക്നിക്കൽ ഇൻഡസ്ട്രിയൽ എഡ്യുക്കേഷൻ എന്നത് വ്യവസായത്തിന്റെ ഭാഗം തന്നെയാണെന്ന വിലയിരുത്തലിന്റെയും സ്ഥലമോ ഫണ്ടോ ദുർവിനിയോഗം ചെയ്തിട്ടില്ലെന്നതിന്റേയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

## കൊല്ലം ജില്ല

## വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ കമ്മിറ്റി ചെലവ് അനുവദനീയമല്ല.**

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ഗുണഭോക്തൃ കമ്മിറ്റി മുഖേന നടത്തിയ മരാമത്ത് പണികളുടെ പൂർത്തീകരണ ബില്ലുകൾ പരിശോധിച്ചതിൽ മരാമത്ത് പണികൾക്കുള്ള മൂല്യ നിർണ്ണയത്തിന് പുറമേ ഗുണഭോക്തൃ കമ്മിറ്റി ചെലവ് എന്ന ഇനത്തിൽ തുക ചേർത്ത് നൽകി കാണുന്നു. ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് മരാമത്ത് പണികൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടത്തുന്നത്. ഗുണഭോക്തൃ കമ്മറ്റിയുടെ ചെലവിലേക്ക് തുക നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല. ആയതിനാൽ ഇത്തരത്തിൽ നൽകിയ 35,810 രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.1.2.3(i)]

45. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

1998 വർഷം വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഗുണഭോക്തൃ കമ്മിറ്റികൾക്ക് ഇവ സംഘടിപ്പിക്കുന്നതിനും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും സംരക്ഷണ പദ്ധതികളുടെ തുടർപ്രവർത്തനത്തിനായിട്ടുമാണ് ഗുണഭോക്തൃ ചെലവ് അനുവദിച്ചത്. എന്നാൽ ഓഡിറ്റ് പരാമർശം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെ ചെലവഴിച്ച തുക ബന്ധപ്പെട്ട

ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടിയെന്ന നിലയിൽ 8711/02 നമ്പർ കത്തുപ്രകാരം 8-11-2002, 24-4-2006, 13-12-2006, 7-4-2007, 3-1-2008 എന്നീ തീയതികളിൽ കത്ത് നല്കി. എന്നാൽ നാളിതുവരെ ഇവർ തുക തിരിച്ചടച്ചിട്ടില്ല. ആയതിനാൽ ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

46. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക 21-8-2008-ലെ സമിതി യോഗത്തിൽ പരിശോധിക്കുകയും ഒരു മാസത്തിനുള്ളിൽ കൺവീനർമാരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ടു നൽകണമെന്ന് നിർദ്ദേശിക്കുകയും ഇനിയും കാലതാമസം വരുത്തിയാൽ അത് ഇപ്പോഴത്തെ സെക്രട്ടറിയുടെ ബാദ്ധ്യതയായി നിശ്ചയിക്കുമെന്ന് മുന്നറിയിപ്പു നൽകുകയും ചെയ്തു.

47. സമിതി നിർദ്ദേശമനുസരിച്ച് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-3-2009-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു :

"ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ യോഗത്തിലെ നിർദ്ദേശ പ്രകാരം ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടത്തിയ മരാമത്തുപണികളുടെ ബില്ലിൽ ചേർത്ത് നൽകിയിരുന്ന ഗുണഭോക്തൃ കമ്മിറ്റി ചെലവ് ഇനത്തിലുള്ള തുകയായ 35,810 രൂപ തിരികെ പിടിക്കുന്നതിനായി 26-9-2008-ലെ ബി.പി.1081/06 നടപടി നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി കൊല്ലം ജില്ലാ കളക്ടർക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ 23-10-2008-ലെ 52847/08-ലെ K.Dist. കത്ത് പ്രകാരം ബന്ധപ്പെട്ട തഹസീൽദാർമാർക്ക് ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടിക്കായി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. "

**നിഗമനങ്ങൾ/ശുപാർശകൾ**

48. **ഗുണഭോക്തൃ കൺവീനർമാരിൽ നിന്നും ബാദ്ധ്യത തുക ഈടാക്കുന്നതിലേക്കായി ബന്ധപ്പെട്ട കളക്ട്രേറ്റ്/തഹസീൽദാർ ഓഫീസുകളുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട് R.R നടപടികൾ ത്വരിതപ്പെടുത്തി അടിയന്തരമായി തുക ഈടാക്കണമെന്നും ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അംഗൻവാടികൾക്ക് കെട്ടിടനിർമ്മാണം-അധിക ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു.**

ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 8 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കാനായി അംഗീകാരം ലഭിച്ചിട്ടുള്ള 1998-1999-ലെ പദ്ധതിയനുസരിച്ച് 3 അംഗൻവാടി കെട്ടിടങ്ങളുടെ പണി മാത്രമേ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ. ഒരു കെട്ടിടത്തിന് 1,06,000 രൂപ ചെലവിൽ യഥാസമയം തന്നെ പണി പൂർത്തീകരിച്ചു കൊള്ളാമെന്ന് 1998-1999-ൽതന്നെ ബന്ധപ്പെട്ട പണികൾക്കായുള്ള കൺവീനർമാർ

മാത്രമായും ഗുണഭോക്തൃ സമിതി കൂട്ടായും കരാർ വച്ചിട്ടുള്ളതുമാണ്. എന്നാൽ പണി തുടങ്ങി 3 കെട്ടിടങ്ങളുടെ പണി എസ്റ്റിമേറ്റ് നിരക്കിൽ സാധിക്കുകയില്ല എന്ന വിവരം സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയും എസ്റ്റിമേറ്റിന്റെ 20% അനുവദിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് പുതുക്കി സാങ്കേതിക അനുമതി തേടുകയോ പുതിയ കരാർ ഉടമ്പടി വെയ്ക്കുകയോ ചെയ്തിട്ടില്ല. ആകയാൽ പണി പൂർത്തിയാക്കിയ 3 കെട്ടിടങ്ങളുടെ നിർമ്മാണത്തിന് അധികരിച്ച് നൽകിയ തുകയായ 42,602 രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നം: VII.1.2.3.(ii)]

49. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് 1998-1999 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതിപ്രകാരം ഏറ്റെടുത്തിരുന്ന അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള പദ്ധതിയിൽ 1,06,000 രൂപയ്ക്ക് മാത്രമേ ഭരണാനുമതിയും സാങ്കേതികാനുമതിയും ഉണ്ടായിരുന്നുള്ളൂ. എന്നാൽ മരാമത്ത് പ്രവർത്തികളുടെ നിർമ്മാണത്തിൽ 23-10-1998-ലെ ജി.ഒ.(പി)നം:218/98/എൽ.എ.ഡി. നമ്പർ ഉത്തരവ് പ്രകാരം 50 ശതമാനം വരെ അംഗീകരിച്ച് തുക നൽകാമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അംഗൻവാടികൾക്ക് എസ്റ്റിമേറ്റ് തുകയേക്കാൾ 20 ശതമാനം അധികമായി ബില്ല് അനുവദിച്ചത്. യഥാസമയം മേൽപ്പറഞ്ഞ മാറ്റത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നേടാൻ കഴിയാതിരുന്നത് മനപ്പൂർവ്വമായിരുന്നില്ല. ടി പദ്ധതി പ്രകാരം നിർമ്മിച്ച അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുകയും ടി കെട്ടിടങ്ങൾ സർക്കാർ ആസ്തിയായി ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്നു. മേൽ പ്രോജക്ടുകൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് മേൽപ്പറഞ്ഞ വിധത്തിൽ തുക അധികമായി നൽകിയിട്ടുള്ളത്.

50. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക 21-8-2008-ൽ ചേർന്ന സമിതിയോഗത്തിൽ പരിശോധിക്കുകയും കെട്ടിട നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും യഥാസമയം നേടാൻ കഴിഞ്ഞില്ലായെന്നുള്ളതാണ് പ്രശ്നമെന്നും കെട്ടിടങ്ങളുടെ പണി നടന്നിട്ടുണ്ട് എന്നതിനാൽ ലക്ഷ്യം കൈവരിക്കാൻ സാധിച്ചതായും സമിതി വിലയിരുത്തി.

## നിഗമനങ്ങൾ/ശുപാർശകൾ

51. **അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുകയും പദ്ധതി ലക്ഷ്യം കൈവരിക്കുകയും ടി കെട്ടിടങ്ങൾ സർക്കാർ ആസ്തിയായി ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്നതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഭൂരഹിത പട്ടിക വിഭാഗ പുനരധിവാസ പദ്ധതി-യോഗ്യതയില്ലാത്ത വ്യക്തിക്കു ധനസഹായം നൽകി**

ഭൂരഹിതരും ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ളവരുമായ പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനും ധനസഹായം നൽകുന്നതിനുമായി ആവിഷ്ക്കരിച്ച 1998-99-ലെ പദ്ധതിപ്രകാരം 49,000 രൂപ കൈപ്പറ്റിയ ശ്രീമതി റാണി എന്ന വ്യക്തി പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് അയോഗ്യയാണെന്ന് ആഡിറ്റിൽ കണ്ടെത്തി. സ്വന്തമായി ഭൂമി ഇല്ലാത്ത വാടക വീട്ടിലോ മാതാപിതാക്കളോടൊത്തോ മറ്റു ബന്ധുക്കളോടൊത്തോ താമസിക്കുന്ന ഭാര്യയും ഭർത്താവും അടങ്ങുന്ന കുടുംബത്തിനാണ് ആനുകൂല്യം നൽകുന്നത്. ടി വ്യക്തി തന്റെ ഭർത്താവിൽ നിന്നും ഭൂമി വാങ്ങിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നു. ബ്ലോക്ക് വികസന ഓഫീസറുടേയും വാളകം വില്ലേജ് ഓഫീസറുടെയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി റാണിക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. ഭർത്താവിന്റെ പേരിൽ ഭൂമി ഉണ്ടായിരിക്കെ ഭൂരഹിത വിഭാഗത്തിൽപ്പെടുത്തി ആനുകൂല്യം നൽകിയതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതും തുക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. 49,000 രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VII.1.2.3.(iii)]

52. പ്രസ്തുത പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ പുനരധിവാസ പദ്ധതി പ്രകാരം ശ്രീമതി റാണി എന്ന വ്യക്തിക്ക് അനർഹമായി ആനുകൂല്യം നൽകിയതു സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയത്തിൻ മേലുള്ള പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ പട്ടികജാതി വികസന ഓഫീസർ ശ്രീ. ബി. രവീന്ദ്രനോട് വിശദീകരണം ചോദിച്ചതിന്റെയും അടിയന്തരമായി തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ടിയാൻ സമർപ്പിച്ച വിശദീകരണം ചുവടെ ചേർക്കുന്നു :

ഭൂരഹിത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആനുകൂല്യം നൽകുന്ന പദ്ധതി പ്രകാരമാണ് ശ്രീമതി റാണി എന്ന വ്യക്തിക്ക് ആനുകൂല്യം നൽകിയത്. ഇവർ സമർപ്പിച്ച രേഖകൾ പ്രകാരം ഇവർ വസ്തു വിലയ്ക്ക് വാങ്ങിയതിന്റെ തെളിവായി രജിസ്റ്റർ ചെയ്ത പ്രമാണം ഹാജരാക്കിയിരുന്നു. എന്നാൽ മേൽപ്പടി വസ്തു സ്വന്തം ഭർത്താവിൽ നിന്നാണ് വാങ്ങിയത് എന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. മേൽ പദ്ധതി പ്രകാരം ആകെ 21 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുകയുണ്ടായി. ടി ഗുണഭോക്താക്കൾ എല്ലാം തന്നെ ഭൂരഹിതരും പദ്ധതികളുടെ നിബന്ധനകൾക്കനുസരിച്ചുള്ളവരുമായിരുന്നു. മേൽപ്പറഞ്ഞ ഒരു ഗുണഭോക്താവ് മാത്രമാണ് നിജസ്ഥിതി മറച്ചു വച്ചുകൊണ്ട് ആനുകൂല്യം കൈപ്പറ്റിയത്. പദ്ധതിയുടെ സമയബന്ധിതമായുള്ള

നിർവ്വഹണത്തിൽ മനപ്പൂർവ്വമല്ലാതെ സംഭവിച്ചുപോയ പിഴവായിരുന്നു മേൽ വിഷയത്തിലുണ്ടായത്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മേൽ വ്യക്തിക്ക് അടിയന്തരമായി കത്ത് നൽകിയിട്ടുണ്ട്.

53. ഗുണഭോക്താവിന്റെ പേരിൽ വസ്തുവില്ലാ എന്നുള്ള പട്ടികജാതി വികസന ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെയും ഭർത്താവ് സ്ഥലത്തില്ലെന്ന പ്രാദേശിക അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകാൻ ഇടയായത് എന്ന് 21-8-2008-ലെ തെളിവെടുപ്പ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. യോഗ്യതയില്ലാത്ത വ്യക്തിക്കു ധനസഹായം നൽകിയതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ്, ഓഡിറ്റ് വകുപ്പ് എന്നിവരോട് സമിതി നിർദ്ദേശിച്ചു.

54. സമിതിയുടെ നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28-3-2009 -ലെ 46589/എസി$_2$/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു :

"വെട്ടിക്കവല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസറുടെ 20-11-2008-ലെ റിപ്പോർട്ട് പ്രകാരം ഭൂരഹിതരും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുമായ പട്ടികജാതി വർഗ്ഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം നൽകുന്നതിനായി ആവിഷ്ക്കരിച്ച 1998-99-ലെ പദ്ധതിപ്രകാരം 49000 രൂപ കൈപ്പറ്റിയ ശ്രീമതി റാണി എന്ന വ്യക്തിക്ക് ടി പദ്ധതിയനുസരിച്ച് വസ്തു വാങ്ങിച്ചത് സ്വന്തം ഭർത്താവായ ശ്രീ. വിദ്യാധരനിൽ നിന്നാണ് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. "

## നിഗമനങ്ങൾ/ശുപാർശകൾ

55. **ഭർത്താവിന്റെ പേരിൽ ഭൂമി ഉണ്ടായിരിക്കെ ഗുണഭോക്താവ് ഭൂരഹിതയാണെന്ന വ്യാജറിപ്പോർട്ട് നൽകിയ ബ്ലോക്ക് വികസന ഓഫീസർ, വാളകം വില്ലേജ് ഓഫീസർ എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

## അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ആംബുലൻസിൽ നിന്നുള്ള വരവ് ധന ദുർവിനിയോഗം**

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വക ആംബുലൻസിൽ നിന്നുള്ള വരുമാനം സംബന്ധിച്ച് രസീതുകൾ പരിശോധിച്ചപ്പോൾ ആംബുലൻസ് ഉപയോഗിച്ച ഇനത്തിൽ 20-3-2000 മുതൽ 19-6-2001 വരെയുള്ള ആകെ വരുമാനം 1,81,326 രൂപയാണ്. എന്നാൽ 1,53,019 രൂപ മാത്രമാണ് ഒടുക്കു വരുത്തിയിട്ടുള്ളത്. ബാക്കി 28,307 രൂപ ഇതുവരേയും ഒടുക്കു വരുത്തിയതായി കാണുന്നില്ല. ഇതു കൂടാതെ ആംബുലൻസിൽ നിന്നുള്ള വരവ് യഥാസമയം ബാങ്കിൽ ഒടുക്കുന്നതിൽ പല തവണ വീഴ്ച വന്നിട്ടുള്ളതായി കാണുന്നു. രസീതു പ്രകാരം ഈടാക്കുന്ന തുകകൾ അതാത് ദിവസം തന്നെ ക്യാഷ് ബുക്കിൽ ചേർത്ത് ഒടുക്കു വരുത്തുന്നതിനു പകരം ദിവസങ്ങളോളമുള്ള വരവ്

ഭാഗികമായി ബാങ്കിൽ അടയ്ക്കുകയും അടയ്ക്കുന്ന തുക മാത്രം വരവായി കണക്കിൽ ചേർക്കുകയുമാണ് ചെയ്യുന്നത്. ഇത് താല്ക്കാലികമായ ധനദുർവിനിയോഗമായി ആഡിറ്റിൽ കാണുന്നു. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി പഞ്ചായത്തു ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ നഷ്ടമായ തുക ഈടാക്കേണ്ടതും ഉത്തര വാദികളായ വ്യക്തികൾക്കെതിരെ ഉചിതമായ ശിക്ഷണനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ VIII.1.2.4(i) ]

56. പ്രസ്തുത പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് വക ആംബുലൻസിന്റ 20-3-2000 മുതൽ 19-6-2001 വരെയുള്ള വരവായി ആഡിറ്റിൽ പറഞ്ഞിട്ടുള്ളത് 1,81,326 രൂപയും അക്കൗണ്ടിൽ ഒടുക്ക് വരുത്തിയിട്ടുള്ളത് 1,54,019 രൂപയുമാണ് ബാക്കി 28307 രൂപ ഒടുക്ക് വരുത്തിയിട്ടില്ല എന്നാണ് ആഡിറ്റിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ ആംബുലൻസിന്റെ പ്രവർത്തനം ആരംഭിച്ച 19-6-1998 മുതൽ 30-6-2001 വരെയുള്ള രസീത് പരിശോധിച്ചതിൽ ആകെ വരവ് 5,14,470 രൂപയും ടി ദിവസത്തെ ബാങ്ക് ബാലൻസ് 2,00,639 രൂപയുമാണ്. ചെലവിനത്തിൽ 3,13,831 രൂപയുമാണ്. ആംബുലൻസ് പ്രവർത്തിച്ചുവന്ന ആദ്യഘട്ടങ്ങളിൽ വരവായി ലഭിച്ചിരുന്ന തുകയിൽ നിന്നും വാഹനത്തിന്റെ ഡീസൽ, വാഹനത്തിന്റെ പണികൾ ഡ്രൈവറുടെ കൂലി എന്നിവ നൽകിയതിന്റെ ബാക്കി തുകയാണ് ഒടുക്ക് വരുത്തിയിരുന്നത്. എന്നാൽ ഓഡിറ്റ് നിർദ്ദേശാനുസരണം രസീത് പ്രകാരം ഈടാക്കുന്ന തുകകൾ അതാത് ദിവസം തന്നെ ഒടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതും അപ്രകാരം ബാങ്കിൽ അടച്ചു വരുന്നതാണെന്നും റിപ്പോർട്ട് ചെയ്തുകൊള്ളുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ആംബുലൻസിന്റെ കണക്കുകൾ പരിശോധിച്ചതിൽ ഫണ്ട് നഷ്ടം വന്നതായി കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടില്ലെന്നും റിപ്പോർട്ട് ചെയ്യുന്നു.

57. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 21-8-2008-ലെ തെളിവെടുപ്പു യോഗത്തിൽ, 19-6-1998 മുതൽ 30-6-2001 വരെയുള്ള ആംബുലൻസ് വാടകയിനത്തിൽ മൊത്തം വരവ് 5,14,470 രൂപയും ചെലവ് 3,13,831 രൂപയും ആയതിനാൽ 2,00,639 രൂപയുടെ ലാഭമാണുണ്ടായിട്ടുള്ളതെന്നും ഇതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടില്ല എന്നുമുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിക്കുകയും കണക്കുകൾ രേഖപ്പെടുത്തുന്നത് ചട്ടപ്രകാരമാണെന്ന് ഉറപ്പുവരുത്തണമെന്നും ആംബുലൻസിൽ നിന്നുള്ള വരുമാനം ചട്ടപ്രകാരം ക്രമപ്പെടുത്തി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

58. ഇതിന്മേൽ 28-2-2009-ലെ എൽ.എഫ്.3356/Spl.Cell.G2/09 നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടർ ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു :

"അഞ്ചൽ ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറിയുടെ 19-11-2008, 21-11-2008 എന്നീ തീയതികളിലെ 1303/08-ാം നമ്പർ കത്തുകൾ പ്രകാരം 20-3-2000 മുതൽ 19-6-2001 വരെ ആംബുലൻസിന്റെ വരവ് സംബന്ധിച്ച രസീതു ബുക്കുകൾ, പാസ്സ് ബുക്ക് (അക്കൗണ്ട് നം. 8058, കൊല്ലം ജില്ലാ സഹകരണ ബാങ്ക്, അഞ്ചൽ ശാഖ) ചെലവു സംബന്ധിച്ച വൗച്ചറുകൾ, ക്യാഷ് ബുക്ക് എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റിൽ പരിശോധനയ്ക്കായി ഹാജരാക്കുകയും ടി രേഖകൾ പരിശോധിച്ചതിൽ വരവുതുക മൊത്തമായി അക്കൗണ്ടിൽ ഒടുക്കാതെ ആംബുലൻസിന് ഡീസൽ, മറ്റു അത്യാവശ്യ പണികൾ എന്നിവയ്ക്കുവേണ്ടി ചെലവാകുന്ന തുക നേരിട്ട് വരവിൽ നിന്നും ചെലവു ചെയ്തതിനുശേഷമുള്ള തുകയാണ് ബാങ്കിൽ ഒടുക്കു വരുത്തിയിട്ടുള്ളത്. അതിനാലാണ് മേൽ കാലയളവിലെ വരവിൽ നിന്നും 28,307 രൂപ കുറവായി ഒടുക്കിയിരിക്കുന്നത്. ഇതു സംബന്ധിച്ച ബില്ലുകൾ, വൗച്ചറുകൾ എന്നിവ പരിശോധനാ വിധേയമാക്കിയിട്ടുണ്ട്. വരവിൽ നിന്നും നേരിട്ട് ചെലവ് നടത്തിയത് നിയമാനുസൃതമല്ല. എന്നിരുന്നാലും ബ്ലോക്ക് പഞ്ചായത്തിന് ഈയിനത്തിൽ യാതൊരു നഷ്ടവും സംഭവിച്ചിട്ടില്ലായെന്ന് രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അറിയിച്ചുകൊള്ളുന്നു."

## നിഗമനങ്ങൾ/ശുപാർശകൾ

59. **ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ലാ എന്ന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ധനവിനിയോഗം സംബന്ധിച്ച കണക്കുകൾ ചട്ടപ്രകാരം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**കാർഷികമേള നടത്തിപ്പിൽ ക്രമക്കേട്: അനധികൃത ചെലവ്**

**ബ്ലോക്ക് പഞ്ചായത്തിന്റെ കാർഷിക മേളയുടെ നടത്തിപ്പിൽ ക്രമക്കേടുകളും അനധികൃത ചെലവും**

2000-01-ൽ പുതിയ പദ്ധതിയായി നടത്തുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതി നമ്പർ 17 പ്രകാരം വകയിരുത്തിയിരുന്ന 2,25,000 രൂപയിൽ 1999-2000-ൽ നടത്തിയ കാർഷിക മേളയുടെ അധിക ചെലവിനായി 17-2-2001-ലെ 6-ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം 11-10-2000-ൽ പഞ്ചായത്ത് സെക്രട്ടറി 35,000 രൂപ ചെക്ക് എഴുതി മാറിയിരിക്കുന്നു. 17-2-2001-ലെ തീരുമാനപ്രകാരം 11-10-2000-ൽ ചെക്ക് എങ്ങനെ എഴുതി എന്ന് വ്യക്തമല്ല.

1999-2000-ലെ കാർഷികമേളയ്ക്ക് 1,50,000 രൂപ ചെലവ് ഉണ്ട്. സന്നദ്ധ സേവനമായ 25,000 രൂപ ഉൾപ്പെടുത്താതെ പദ്ധതി വിഹിതത്തിലെ 25,000 രൂപയും ട്രാക്ടർ അക്കൗണ്ടിൽ നിന്നും 25,000 രൂപ തിരിച്ചടവ് വ്യവസ്ഥയിൽ കടമെടുത്തുമാണ് ചെലവ് നടത്തിയിരിക്കുന്നത്. ട്രാക്ടർ അക്കൗണ്ടിൽ നിന്നും എടുത്ത തുക ഇതുവരെ തിരിച്ചടച്ചതായും കാണുന്നില്ല. ചെലവ് സംബന്ധിച്ച യാതൊരു രേഖയും ആഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

1999-2000-ലെ കാർഷിക മേള നടത്തിപ്പുമായി യാതൊരു ബാദ്ധ്യതയും തീർക്കുവാൻ ഉണ്ടായിരുന്നില്ല. തുടർപദ്ധതിയായി ഇത് 2000-01-ൽ കൊണ്ടു വന്നിട്ടുമില്ല. പരിഷ്ക്കരിച്ച എസ്റ്റിമേറ്റോ വിദഗ്ദ്ധ സമിതി അംഗീകാരമോ ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ ഈ ഇനത്തിലുള്ള 35,000 രൂപയുടെ ചെലവ് ആഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.2.II.2).]

60. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി.2/08 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ കാർഷികമേള നടത്തിപ്പുമായി ബന്ധപ്പെട്ട് അധിക ബാധ്യത തീർക്കുന്നതിന് 35,000 രൂപ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്വന്തം പേരിൽ മാറിയത് ആഡിറ്റ് നിരാകരിക്കുകയും തുക സെക്രട്ടറിയിൽ നിന്നും ഈടാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അഞ്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറാണ് കാർഷികമേളയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ, ബാനർ, ഹാൾ അറേഞ്ച്മെന്റ്, കസേര, ഫ്ളോട്ട്, ഫോട്ടോ, പ്രിന്റിംഗ് ചെലവുകൾ, കാർഷിക മേളയോടനുബന്ധിച്ച് ഭക്ഷണം, ചായ, ലഘുഭക്ഷണം, സ്വർണ്ണലോക്കറ്റ് എന്നിവയ്ക്ക് 35,000 രൂപ ബാധ്യതയുണ്ടെന്നും ബാധ്യത തീർക്കുന്നതിന് നടപടിയുണ്ടാകണമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് സമിതിയോട് ആവശ്യപ്പെട്ടിരുന്നു. 5-6-2000-ലെ 7-ാം നമ്പർ തീരുമാന പ്രകാരം അധിക ബാധ്യത കൊടുത്ത് തീർക്കുന്നതിനുവേണ്ടി 2001-ലെ കാർഷിക മേള നടത്തുന്നതിലേക്ക് തയ്യാറാക്കിയ 75,000 രൂപയുടെ പ്രോജക്ടിൽ നിന്നും 25,000 രൂപ 1999-ലെ കാർഷിക മേളയുടെ ബാധ്യത തീർക്കുന്നതിന് പ്രോജക്ടിൽ ഭേദഗതി ചെയ്ത് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. ടി കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ബ്ലോക്കു പഞ്ചായത്ത് സെക്രട്ടറി 11-10-2000-ൽ 35,000 രൂപ പിൻവലിച്ച് ബാധ്യത തീർത്തിട്ടുള്ളത്. 17-2-2001-ലെ 6-ാം നമ്പർ തീരുമാനപ്രകാരം 1999 വർഷത്തെ കാർഷിക മേളയുടെ നടത്തിപ്പിന്റെ സാമ്പത്തിക ബാധ്യതകൾ 2000-2001-ലെ പ്രോജക്ടിന് വകയിരുത്തിയ തുകയിൽ നിന്നും എടുത്താലേ കൊടുത്ത് തീർക്കുവാൻ കഴിയുകയുള്ളൂവെന്ന സാഹചര്യത്തിലാണ് കാർഷിക മേളയുടെ നടത്തിപ്പ് ഒഴിവാക്കി, കൊടുത്ത് തീർക്കുവാനുള്ള സാമ്പത്തിക ബാദ്ധ്യതകൾ ഈ വർഷത്തെ പ്രോജക്ടിൽ നിന്നും നൽകുന്നതിന് ബ്ലോക്ക് സമിതി തീരുമാനിച്ചിട്ടുള്ളത്. 5-6-2000-ലെ 7-ാം നമ്പർ തീരുമാന പ്രകാരമാണ് സെക്രട്ടറി ചെക്കെഴുതി മാറിയിട്ടുള്ളതും തുക പിൻവലിച്ചതും, ആഡിറ്റ് നിരാകരിച്ചിട്ടുള്ളതും, തുക മടക്കി അടയ്ക്കണമെന്ന് കാണിച്ച് രജിസ്റ്റേർഡ് കത്ത് ഉൾപ്പെടെ സെക്രട്ടറിയായിരുന്ന ശ്രീ. എ. രാഘവന് 12-2-2008, 6-3-2008, 7-4-2008 എന്നീ തീയതികളിൽ കത്ത് നൽകിയിരുന്നു. ലോക്കൽ ഫണ്ട് ഡയറക്ടർക്ക് പരാതി നൽകിയിട്ടുണ്ടെന്നും തീരുമാനമാകുന്നതു വരെ തുക വസൂലാക്കുന്നത് നിർത്തി വയ്ക്കണമെന്ന് ശ്രീ. രാഘവൻ തന്ന മറുപടി പകർപ്പ് സഹിതം കൊല്ലം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് 15-4-2008-ൽ നൽകിയിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യുന്നു.

61. വിജയികളായ കാർഷിക വികസന സമിതികൾക്ക് സമ്മാനങ്ങൾ നൽകുന്നതിനുവേണ്ടി പ്രോജക്ടിൽ വകയിരുത്തിയിരുന്ന തുക അപര്യാപ്തമായതിനാൽ ട്രാക്ടറിന്റെ വരവ് തുകയിൽ നിന്നും തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയിൽ സമ്മാനം നൽകുവാൻ 29-3-2000-ൽ നടന്ന ബ്ലോക്ക് പഞ്ചായത്ത് സമിതി 6-ാം നമ്പർ പ്രകാരം തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി തീരുമാനപ്രകാരം 10,900 രൂപ പിൻവലിച്ച് സമ്മാനാർഹർക്ക് വിതരണം നടത്തിയിട്ടുണ്ടെന്നും കൈപ്പറ്റ് രസീത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 7-2-2008-ന് അഞ്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബ്ലോക്ക് പഞ്ചായത്തിൽ അറിയിച്ചിട്ടുണ്ട്. സന്നദ്ധസേവനമായി ലഭിക്കുമെന്ന് കരുതിയ 25,000 രൂപ പിരിഞ്ഞുകിട്ടിയില്ല എന്നും റിപ്പോർട്ട് ചെയ്തിരുന്നു. തിരിച്ചടവ് വ്യവസ്ഥയിൽ പിൻവലിച്ച തുക അക്കൗണ്ടിൽ തിരിച്ചടച്ചിട്ടില്ലായെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

62. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ 21-8-2008-ലെ തെളിവെടുപ്പ് യോഗത്തിൽ പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ കഴിയുമെങ്കിൽ മുൻ സെക്രട്ടറി ആയത് രണ്ടാഴ്ചയ്ക്കകം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ കാണിച്ച് ബോധ്യപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

63. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28-2-2009-ലെ എൽ.എഫ്.3356/Spl.cell.G2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർത്തിരിക്കുന്നു :

64. "അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 16-9-2008-ലെ 1303/08-ാം നമ്പർ കത്തിൽ 1999-2000 വർഷത്തെ കാർഷികമേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ അധിക ബാദ്ധ്യത കൊടുത്തുതീർക്കുന്നതിനുവേണ്ടി നിർവ്വഹണോദ്യോഗസ്ഥനായ അഞ്ചൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ അഭ്യർത്ഥന പ്രകാരം 5-6-2000-ലെ 7-ാം നമ്പർ തീരുമാനപ്രകാരം സെക്രട്ടറി 25,000 രൂപ പിൻവലിച്ചിട്ടുള്ളതായും, വിജയികളായ കാർഷികവികസന സമിതികൾക്ക് സമ്മാനം നൽകുന്നതിനായി ട്രാക്ടർ അക്കൗണ്ടിൽ നിന്നും തിരിച്ചടവ് വ്യവസ്ഥയിൽ 10,000 രൂപ 29-3-2000-ലെ 6-ാം നമ്പർ തീരുമാനപ്രകാരം പിൻവലിച്ചിട്ടുള്ളതായും പറഞ്ഞിരിക്കുന്നു. ഇപ്രകാരമാണ് ആകെ 35,000 രൂപ പിൻവലിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച കമ്മിറ്റി തീരുമാനങ്ങൾ അടങ്ങിയ മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്. തിരിച്ചടവ് വ്യവസ്ഥയിൽ പിൻവലിച്ച തുക നാളിതുവരെ അക്കൗണ്ടിൽ തിരിച്ചടച്ചിട്ടില്ല.

കാർഷികമേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചെലവുകളുടെ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

64. **കാർഷിക മേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും ചെലവുരേഖകളും അടിയന്തിരമായി നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് വകുപ്പിന്**

**കൈമാറണമെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് സമിതിക്കു നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് ബാദ്ധ്യതകൾ തീർക്കുന്നതിനായി സെക്രട്ടറി തുക പിൻവലിച്ച് നൽകിയതെന്നതിനാൽ സെക്രട്ടറിയുടെ പേരിലുള്ള നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സമഗ്ര നെൽക്കൃഷി വികസനം : പവ്വർ ട്രില്ലറും കൊയ്ത്ത് യന്ത്രവും പ്രയോജന രഹിതമായി**

ബ്ലോക്ക് പഞ്ചായത്തിലെ 7 പാടശേഖര സമിതികൾക്ക് പവ്വർ ട്രില്ലറും 3 പാടശേഖര സമിതികൾക്ക് കൊയ്ത്ത് യന്ത്രവും കർഷകർക്ക് 50% സബ്സിഡിയിൽ നീറ്റുകക്കയും വിതരണം ചെയ്യുക എന്നിവയായിരുന്നു പദ്ധതി ലക്ഷ്യങ്ങൾ. 7 പവ്വർ ടില്ലറുകൾ, 3 കൊയ്ത്ത് യന്ത്രങ്ങൾ എന്നിവ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 9,85,705 രൂപയ്ക്ക് വാങ്ങുകയുണ്ടായി. ഗുണഭോക്തൃ വിഹിതമായി ഓരോ പാടശേഖര സമിതിയും 16,000 രൂപാവീതം അടയ്ക്കേണ്ടിയിരുന്ന 1,12,000 രൂപയുടെ വ്യക്തമായ കണക്കുകൾ ഹാജരാക്കിയിട്ടില്ല. ഒരു പാടശേഖരസമിതി മാത്രം ഗുണഭോക്തൃ വിഹിതം അടച്ച് കൊയ്ത്ത് യന്ത്രം കൈപ്പറ്റി കാണുന്നു. ബാക്കി രണ്ട് യന്ത്രങ്ങൾ ഓഡിറ്റ് സമയംവരെ പാടശേഖര സമിതികൾക്ക് നൽകിയിട്ടില്ല. ആവശ്യമില്ലാതെ കൊയ്ത്തു യന്ത്രം വാങ്ങി കൃഷി ഓഫീസിൽ ഉപയോഗശൂന്യമായി ഇട്ടിരിക്കുവാൻ ഇടവന്ന സാഹചര്യം അന്വേഷണവിധേയമാക്കി കുറ്റക്കാർക്കെതിരെ നടപടിയെടുത്ത് നഷ്ടം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-2005-ലെ സമാഹൃത റിപ്പോർട്ട് നമ്പർ 3.2.II.1.1 ]

65. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എസി.2/08/നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്നു.

1998-99-ൽ സമഗ്ര നെൽക്കൃഷി വികസനം എന്ന പ്രോജക്ട് പ്രകാരം 7 പവ്വർ ട്രില്ലറും 3 കൊയ്ത്ത് യന്ത്രവും ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. പ്രോജക്ട് പ്രകാരം 7 പവ്വർ ട്രില്ലറിന്റേയും 3 കൊയ്ത്ത് യന്ത്രത്തിന്റെയും കൂടി വിലയായ 9,85,705 രൂപ 13-3-1999-ൽ അഗ്രോ ഇൻഡസ്ട്രീസിൽ അടയ്ക്കുകയുണ്ടായി. ഗുണഭോക്തൃ വിഹിതം ഒരു പവ്വർ ട്രില്ലറിന് 16,000 രൂപവച്ച് 7 പവ്വർ ട്രില്ലറിന് 1,12,000 രൂപ അടയ്ക്കേണ്ടിയിരുന്നു. ഗുണഭോക്തൃവിഹിതമായ 1,12,000 രൂപ 7 തവണയായിട്ട് ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

15-4-1998-ൽ 16,000 രൂപ, 6-5-1998-ൽ 16,000 രൂപ, 1-6-1998-ൽ 16,000 രൂപ, 15-6-1998-ൽ 16,000 രൂപ, 27-6-1998-ൽ 16,000 രൂപ, 17-12-1999-ൽ 16,000 രൂപ, 24-3-2000-ൽ 16,000 രൂപ എന്നിങ്ങനെ ആകെ 1,12,000 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. 1998-99-ലെ സമഗ്ര നെൽക്കൃഷി വികസനം എന്ന പ്രോജക്ട് പ്രകാരം 7 ട്രില്ലറിനൊപ്പം 3 കൊയ്ത്ത് യന്ത്രം കൂടി പാടശേഖര സമിതികൾക്ക് നൽകുവാൻ ഉദ്ദേശിച്ചിരുന്നു. കൊയ്ത്ത് യന്ത്രം ഓരോന്നിനും ഗുണഭോക്തൃ വിഹിതമായ 5,500 രൂപ വച്ച് അടയ്ക്കേണ്ടിയിരുന്നു. ആഡിറ്റ് സമയംവരെ ഒരു പാടശേഖര സമിതി മാത്രമേ ഗുണഭോക്തൃ വിഹിതമായ 5,500 രൂപ ഒടുക്കി കൊയ്ത്ത് യന്ത്രം കൈപ്പറ്റിയിട്ടുള്ളൂ. ബാക്കി 2 എണ്ണത്തിന്റെ ഗുണഭോക്തൃ വിഹിതമായ 11,000 രൂപയിൽ 5,500 രൂപ 26-2-2008-ൽ ഇട്ടിവ പഞ്ചായത്തിലെ മുണ്ടമൺ കോവൂർ പാടശേഖര സമിതി ഒടുക്കി യന്ത്രം കൈപ്പറ്റിയിട്ടുണ്ട്. മൂന്നാമത്തെ കൊയ്ത്ത് യന്ത്രം ഗുണഭോക്തൃ വിഹിതമായ 5,500 രൂപ ബ്ലോക്ക് പഞ്ചായത്തിൽ അടച്ച് 17-9-2004-ൽ ചടയമംഗലം പഞ്ചായത്തിലെ കണ്ണങ്കോട് പടശേഖര സമിതിയും കൊയ്ത്ത് യന്ത്രം കൈപ്പറ്റിയിട്ടുണ്ട്.

21-8-2008-ലെ തെളിവെടുപ്പ് യോഗത്തിൽ, ബ്ലോക്ക് പഞ്ചായത്ത് നടത്തിയ അത്യാവശ്യ വാങ്ങൽ സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കൂടുതൽ കാര്യക്ഷമത പ്രകടിപ്പിക്കണമെന്നും കർഷകർക്ക് പ്രയോജനപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലവിളംബം സൃഷ്ടിക്കരുതെന്നും സമിതി അഭിപ്രായപ്പെട്ടു.

ഇതു സംബന്ധിച്ച് സമിതി നിർദ്ദേശപ്രകാരം സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയും നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29-12-2008-ലെ 46589/ എ.സി.2/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു :

ബ്ലോക്ക് പഞ്ചായത്തിലെ 7 പാടശേഖര സമിതികൾക്ക് പവ്വർ ട്രില്ലറും 3 പാടശേഖര സമിതികൾക്ക് കൊയ്ത്ത് യന്ത്രവും ഗുണഭോക്തൃവിഹിതം ഈടാക്കിക്കൊണ്ട് വിതരണം ചെയ്യുക എന്നതായിരുന്നു പരാമർശവിധേയമായ പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ ഭാഗമായി 7 പവ്വർ ട്രില്ലറുകൾ, 3 കൊയ്ത്ത് യന്ത്രങ്ങൾ എന്നിവ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 9,85,705 (ഒൻപത് ലക്ഷത്തി എൺപത്തിയയ്യായിരത്തി എഴുന്നൂറ്റി അഞ്ച് രൂപ മാത്രം) രൂപയ്ക്ക് വാങ്ങുകയുണ്ടായി. ഗുണഭോക്തൃവിഹിതമായി ഓരോ പാടശേഖര സമിതിയും 16,000 രൂപാ വീതം 7 പവ്വർ ട്രില്ലറിന് 1,12,000 രൂപ അടയ്ക്കേണ്ടിയിരുന്നു. ആകെയുള്ള ഗുണഭോക്തൃ വിഹിതമായ 1,12,000 രൂപ 15-4-1998 മുതൽ 24-3-2000 വരെയുള്ള കാലയളവിൽ 7 തവണയായിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പി.ഡി. അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. ഈ പവ്വർ ട്രില്ലറുകൾ എല്ലാംതന്നെ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ പവ്വർ ട്രില്ലറുകളുടെ വാങ്ങലിൽ തെറ്റൊന്നും കാണുന്നില്ല.

മൂന്ന് കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങിയ കാര്യത്തിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായിരുന്ന മുൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരായിരുന്ന ശ്രീ. അജിത് ശങ്കർ പോറ്റി, ശ്രീമതി എ. ഗിരിജാ കുമാരി എന്നിവർ അന്വേഷണ ഉദ്യോഗസ്ഥർ മുൻപാകെ സ്റ്റേറ്റ്മെന്റ് സമർപ്പിക്കുകയുണ്ടായി. 1998-99-ൽ സമഗ്ര

നെൽകൃഷി വികസന പദ്ധതിപ്രകാരം 3 മെതി യന്ത്രങ്ങൾ വാങ്ങിയിരുന്നു. ഓരോ യന്ത്രത്തിനും ഗുണഭോക്തൃവിഹിതമായി 5,500 രൂപ വച്ച് അടയ്ക്കേണ്ടിയിരുന്നു. ഓഡിറ്റ് സമയം വരെ ഒരു പാടശേഖര സമിതി മാത്രമേ ഗുണഭോക്തൃവിഹിതം അടച്ച് കൊയ്ത്ത് യന്ത്രം കൈപ്പറ്റിയിരുന്നുള്ളൂ. തുടർന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ നിരന്തരമായി പാടശേഖര സമിതികളുമായി ബന്ധപ്പെട്ടതിനെ തുടർന്ന് ഇട്ടിവ പഞ്ചായത്തിലെ മുണ്ടമൺ-കോവൂർ പാടശേഖര സമിതി 26-2-2003-ലും ചടയമംഗലം പഞ്ചായത്തിലെ കണ്ണങ്കോട് പാടശേഖര സമിതി 17-9-2004-ലും ഗുണഭോക്തൃ വിഹിതം ബ്ലോക്കാഫീസിലടച്ച് യന്ത്രങ്ങൾ കൈപ്പറ്റുകയുണ്ടായി. മൂന്ന് കൊയ്ത്ത് യന്ത്രങ്ങളും ഇപ്പോൾ പാടശേഖര സമിതികൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് ഒരു ബ്ലോക്ക് പഞ്ചായത്ത് സ്കീമായാണ് ഏഴ് പവ്വർ ട്രില്ലറുകളും 3 മെതിയന്ത്രങ്ങളും 1998-99 കാലഘട്ടത്തിൽ വാങ്ങിയത്. കൊയ്ത്ത് യന്ത്രം demonstration നടത്തി ഉപയോഗം ഉണ്ടെന്നു കണ്ടതിനാലാണ് പഞ്ചായത്ത് വാങ്ങിയിട്ടുള്ളത്. എന്നാൽ ചെളിയിൽ പുതഞ്ഞുപോകാൻ സാദ്ധ്യതയുള്ളതിനാൽ വെള്ളമില്ലാത്ത മുണ്ടകൻ കൃഷി സമയത്താണ് ഇത് കൂടുതലായി ഇറക്കാൻ കഴിയുന്നത് എന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. രണ്ട് കൊയ്ത്ത് യന്ത്രങ്ങൾ കുറച്ചുനാൾ വിതരണം ചെയ്യാനാകാതെ ഇരുന്നുപോയത് പാടശേഖര സമിതികൾ ഗുണഭോക്തൃവിഹിതം അടച്ച് ഏറ്റെടുക്കുവാൻ മുന്നോട്ടുവരാതിരുന്നതിനാലാണ് എന്നാൽ പഞ്ചായത്ത് വാങ്ങിയ 7 പവ്വർ ട്രില്ലറുകളും 3 മെതിയന്ത്രങ്ങളും ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ കൂടുതൽ നടപടിയൊന്നും ആവശ്യമായി കാണുന്നില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

66. **സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും നടത്തിയ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ കൂടുതൽ നടപടി ആവശ്യമില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പമ്പ് സെറ്റ് പാടശേഖരങ്ങൾക്ക് വിതരണം ചെയ്തില്ല ; 2.8 ലക്ഷം ദുർവ്യയം**

പമ്പ് സെറ്റുകൾ പാടശേഖര സമിതികൾക്ക് വിതരണം ചെയ്യാതെ 2.80 ലക്ഷം ദുർവ്യയം ചെയ്തു.

ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ ഏറ്റവും വിസ്തൃതിയുള്ള രണ്ടുവീതം പാടശേഖരങ്ങളിലെ കുളങ്ങൾ വൃത്തിയാക്കി പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്.

3/99-ലെ വൗച്ചർ 21 പ്രകാരം 2,80,000 രൂപയ്ക്ക് 14 പമ്പ് സെറ്റുകൾ വാങ്ങുക ഉണ്ടായി. പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി പാടശേഖര സമിതികൾ 15,570 രൂപ ഗുണഭോക്തൃവിഹിതമായി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും ഒരു സമിതിയും ഗുണഭോക്തൃ വിഹിതം നൽകി പമ്പ് സെറ്റുകൾ സ്വീകരിച്ചിട്ടില്ല. 21-10-2000-ൽ ഒരു പമ്പ് സെറ്റ് മാത്രം വിതരണം ചെയ്തതായി കാണുന്നു. ബാക്കി 13 പമ്പു സെറ്റുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല.

പദ്ധതി പണം ചെലവാക്കി പമ്പുസെറ്റ് വാങ്ങുകയും പദ്ധതി നടപ്പിലാക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ പദ്ധതി ചെലവ് 2,80,000 രൂപ പാഴ്ചെലവായതായി ആഡിറ്റിൽ വിലയിരുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 3.2.II.1.2]

67. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 18-8-2008-ലെ 46589/എ.സി.2/08 നമ്പർ കത്തുപ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു :

"ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്നു.

തലക്കുളം വൃത്തിയാക്കി പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഓരോ ഗ്രാമപഞ്ചായത്തിലേയും ഏറ്റവും വിസ്തൃതിയുള്ള പാടശേഖരങ്ങളിലെ രണ്ട് വീതം കുളങ്ങൾ വൃത്തിയാക്കി പമ്പ് സെറ്റുകൾ സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. ഈ പദ്ധതിക്ക് ഗുണഭോക്തൃ വിഹിതം ഇല്ലായിരുന്നു. എന്നാൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് 15,570 രൂപ വീതം വകയിരുത്തിയിരുന്നു. 3/99-ലെ വൗച്ചർ നമ്പർ 21 പ്രകാരം 14 പമ്പുസെറ്റുകളുടെ വിലയായ 2,80,000 രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകി. എന്നാൽ ആഡിറ്റ് സമയം വരെ ഒരു സമിതി മാത്രമേ തലക്കുളം വൃത്തിയാക്കി പമ്പ് ഹൗസ് സ്ഥാപിച്ച് പമ്പ് സെറ്റ് കൈപ്പറ്റിയിരുന്നുള്ളൂ.

ബാക്കി 13 പാടശേഖര സമിതികളും തലക്കുളങ്ങൾ വൃത്തിയാക്കി പമ്പ് സെറ്റുകൾ കൈപ്പറ്റിയിട്ടുണ്ട്. ഇതിന്റെ കൈപ്പറ്റ് രസീതുകളും മറ്റു രേഖകളും ഈ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

ആഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള 13 പമ്പുസെറ്റുകൾ താഴെ പറയുന്ന പാടശേഖര സമിതികൾക്ക് ചുവടെ ചേർക്കുന്ന തീയതികളിൽ വിതരണം നടത്തുകയും മതിയായ രസീതുകൾ ഈ ആഫീസിൽ സൂക്ഷിച്ചിട്ടുള്ളതുമാകുന്നു.

| പഞ്ചായത്ത് | പാടശേഖര സമിതി | കൊടുത്ത തീയതി |
|---|---|---|
| ഇളമാട് | വേങ്ങൂർ | 20-9-2004 |
| ഇളമാട് | മുല്ലശ്ശേരി | 20-9-2004 |
| ചടയമംഗലം | കുരിയോട് | 22-9-2004 |
| നിലമേൽ | വെള്ളരി | 11-2-2004 |
| നിലമേൽ | മുരുക്കുമൺ | 13-1-2004 |
| കടയ്ക്കൽ | വടയ്ക്കേവയൽ | 8-9-2004 |
| ചടയമംഗലം | കണ്ണങ്കോട് | 20-1-2004 |
| ഇളമാട് | നെട്ടയം | 22-9-2004 |
| ചിതറ | തച്ചൂർ | 17-9-2004 |
| ഇട്ടിവ | മണ്ണൂർ | 17-9-2004 |
| ചിതറ | തട്ടുപാലം | 18-9-2004 |
| വെളിനെല്ലൂർ | കോക്കാട് | 24-9-2004 |
| വെളിനെല്ലൂർ | കാളവയൽ | 24-9-2004 |

ഈ സാഹചര്യത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.''

68. 21-8-2008-ലെ തെളിവെടുപ്പ് യോഗത്തിൽ, പമ്പ് സെറ്റ് വിതരണം നടത്തിയതിന്റെ രസീതുകൾ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് നൽകുവാനും ഓഡിറ്റ് അധികൃതർക്ക് ബോധ്യപ്പെടുന്നപക്ഷം പരാമർശം ഒഴിവാക്കുന്നതാണെന്നും സമിതി നിർദ്ദേശിച്ചു.

69. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 28-2-2009-ലെ എൽ.എഫ്.3356/സ്പെ.സെൽ.ജി.2/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

''ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10-12-2008-ലെ എച്ച്.സി. 1700/08-ാം നമ്പർ കത്ത് പ്രകാരം 13 പാടശേഖര സമിതികൾക്ക് 1/04, 2/04, 9/04 മാസങ്ങളിൽ പമ്പുസെറ്റുകൾ വിതരണം ചെയ്തിട്ടുള്ളതിന്റെ രസീതുകൾ പരിശോധനാവിധേയമാക്കിയിട്ടുണ്ട്.

3/99-ൽ 14 പമ്പുസെറ്റുകൾ വാങ്ങിയെങ്കിലും 13 എണ്ണം വിതരണം നടത്തിയിട്ടുള്ളത് 2004-ൽ മാത്രമാണ്.''

നിഗമനങ്ങൾ/ശുപാർശകൾ

70. **പമ്പുസെറ്റുകൾ എല്ലാം പാടശേഖര സമിതികൾക്ക് വിതരണം ചെയ്തു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

സി. എം. ദിനേശ്മണി,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2011 ഫെബ്രുവരി 23.

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് | 2 | 5-12-2008-ൽ പ്രാദേശിക പരിശോധന നടത്തിയതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിക്ക് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ പരിശോധനയ്ക്ക് ലഭിക്കാത്ത രേഖകളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും സംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രദേശിക പരിശോധനയെന്നാൽ രേഖകളുടെ പരിശോധനയിൽ മാത്രം ഒതുങ്ങി നിൽക്കാതെ ഭൗതീക പരിശോധന കൂടി നടത്തിയിരുന്നുവെങ്കിൽ സംഘത്തിന്റെ ഇപ്പോഴത്തെ അവസ്ഥ മനസിലാക്കുവാൻ കഴിയുമായിരുന്നു. എന്നാൽ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അപ്രകാരം ചെയ്തതായി കാണുന്നില്ല. ആയതിനാൽ സമിതിക്ക് പുനഃപരിശോധനാ റിപ്പോർട്ട് നൽകുമ്പോൾ പൂർണ്ണമായ റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. സംഘം നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുവെന്ന ഗവണ്മെന്റ് മറുപടി മുഖവിലക്കെടുത്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 2 | നേമം ബ്ലോക്ക് പഞ്ചായത്ത് | 4 | തുക ചെലവഴിച്ചിരിക്കുന്നത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | നേമം ബ്ലോക്ക് പഞ്ചായത്ത് | 6 | മണ്ണിട്ട് നികത്തുന്നതിലെ നിരക്ക് കണക്കാക്കുമ്പോൾ ഇനീഷ്യൽ ലീഡും ലിഫ്റ്റും ഒഴിവാക്കേണ്ടതാണെന്ന് 1986-ലും 2004-ലും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിട്ടുള്ളതായും എന്നാൽ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 6-1-2005-ലെ സർക്കുലർ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഇനീഷ്യൽ ലീഡും ലിഫ്റ്റും കുറയ്ക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ സി. ടി. യുടെയും സി. ഇ.യുടേയും സർക്കുലറുകളിലെ പൊരുത്തക്കേടുകൾ ഒഴിവാക്കി കുറ്റമറ്റരീതിയിലുള്ള സർക്കുലർ പുറപ്പെടുവിക്കുന്നതിന് വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | ,, | 8 | തുക വിനിയോഗിച്ചത് ക്രമപ്രകാരമാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 5 | വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 13 | റോഡ് റോളർ ഉപയോഗിച്ച് മൺപണി നടത്തിയതുമായി ബന്ധപ്പെട്ട് നിയമപരമായ ഒരു വ്യവസ്ഥ അടിയന്തിരമായി ഉണ്ടാക്കുന്നതിലേക്ക് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 18 | ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 1999-200 വർഷത്തെ ഓഡിറ്റ് നടത്തിയ ജനുവരി 2002-ൽ പ്രൈം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനം നിലവിലില്ലാത്തതിനാലും ഗുണഭോക്താക്കളുടെ ലിസ്റ്റ്, കമ്മിറ്റി തീരുമാനം എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാലും ആണ് പ്രസ്തുത പരാമർശം ഓഡിറ്റ് റിപ്പോർട്ടിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉൾപ്പെടുത്തേണ്ടി വന്നത് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിൽ 20 പേർക്ക് പരിശീലനം നൽകിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഠിതാക്കൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തതായി ഫയലിൽ രേഖയില്ലെന്നും ഓഡിറ്റ് വിഷയവുമായി ബന്ധപ്പെട്ട രേഖകൾ നിർവ്വഹണോദ്യോഗസ്ഥനായ മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസ് വകുപ്പിൽ ഹാജരാക്കിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണവകുപ്പ് സമിതിയെ അറിയിച്ച സാഹചര്യത്തിൽ ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിരിക്കുന്നതും പഞ്ചായത്തിന് നഷ്ടപ്പെട്ടതുമായ തുക മുൻ സെക്രട്ടറി ശ്രീ. എം. സി. തോമസിൽ നിന്ന് ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 22 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായും പഞ്ചായത്ത് തീരുമാനമില്ലാതെയും അർഹതയില്ലാത്ത സ്ഥാപനത്തിന് ധനസഹായ തുകയായി നൽകിയ 42,216 രൂപ അക്കാലത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസ്, പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥനായ ശ്രീ. എ. തങ്കപ്പൻ എന്നിവരിൽ നിന്നും തുല്യമായി ആർ. ആർ. നടപടിയിലൂടെ തിരികെ ഈടാക്കുവാൻ ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 8 | ,, | 25 | മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അഗസ്റ്റിൻ തോമസിനും മുൻ സെക്രട്ടറി ശ്രീ. എ. തങ്കപ്പനും എതിരെയുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി ആയതിന്റെ റിപ്പോർട്ട് അടിയന്തിരമായി സമിതിക്ക് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 9 | ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 29 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടതായി അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത തടസ്സം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 10 | അഴുത ബ്ലോക്ക് പഞ്ചായത്ത് | 34 | നഷ്ടത്തിനുത്തരവാദിയായ ശ്രീമതി ബിജിമോൾ പണം തിരികെ ഒടുക്കിയതായി നാളിതുവരെ ബന്ധപ്പെട്ട ഓഫീസിൽ അറിയിച്ചിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നും ഓഡിറ്റ് പരാമർശത്തിന് നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലെന്നും ലോക്കൽ ഫണ്ട് വകുപ്പ് ഡയറക്ടറുടെ 21-12-2010-ലെ 19920/സ്പെ.സെൽജി3/10 നമ്പർ കത്തു പ്രകാരം അറിയിച്ച സാഹചര്യത്തിൽ ഇതു സംബന്ധിച്ച വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | ,, | 37 | ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ 21-12-2010-ലെ കത്തു പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിശോധിച്ചു. ഓഡിറ്റ് പരാമർശ കാലയളവിലെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിജി മോൾ 5-9-2005-ലെ 32-ാം നമ്പർ രശീതി പ്രകാരം ബാദ്ധ്യത തുകയായ 17,500 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ സാഹചര്യത്തിൽ ശ്രീമതി ബിജിമോൾക്കെതിരെയുള്ള പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. എന്നാൽ അന്നത്തെ സെക്രട്ടറി ശ്രീ. പി. കെ. ശിവദാസൻ തുക അടയ്ക്കാത്ത സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്നും തുക ഈടാക്കി വിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 41 | വ്യക്തമായ രേഖകൾ സൂക്ഷിക്കാതെ ധനവിനിയോഗം നടത്തുകയും ബന്ധപ്പെട്ട രേഖകൾ ഔദ്യോഗികമായി കൈമാറാതെയും ഓഡിറ്റ് സമയത്ത് സഹകരിക്കാതെയുമിരുന്ന ശ്രീ. പി. വി. ഐസക് (ജൂനിയർ സൂപ്രണ്ട്), അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എം. കെ. പുരുഷോത്തമൻ നായർ എന്നിവരിൽ നിന്നും 1998-99-ലെ മതിയായ ഓതറൈസേഷനില്ലാതെ വൗച്ചറുകൾ പാസ്സാക്കി മാറിയെടുത്ത തുക 12% പലിശ സഹിതം അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് നൽകുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 13 | നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് | 44 | പോളിടെക്നിക്കൽ ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ എന്നത് വ്യവസായത്തിന്റെ ഭാഗം തന്നെയാണെന്ന വിലയിരുത്തലിന്റെയും സ്ഥലമോ ഫണ്ടോ ദുർവിനിയോഗം ചെയ്തിട്ടില്ലെന്നതിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 14 | വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | 48 | ഗുണഭോക്തൃ കൺവീനർമാരിൽ നിന്നും ബാദ്ധ്യത തുക ഈടാക്കുന്നതിലേക്കായി ബന്ധപ്പെട്ട കളക്ടറേറ്റ്/തഹസിൽദാർ ഓഫീസുകളുമായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബന്ധപ്പെട്ട് R. R. നടപടികൾ ത്വരിതപ്പെടുത്തി അടിയന്തിരമായി തുക ഈടാക്കണമെന്നും ആയത് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 15 | വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് | 51 | അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തീകരിക്കുകയും പദ്ധതി ലക്ഷ്യം കൈവരിക്കുകയും ടി കെട്ടിടങ്ങൾ സർക്കാർ ആസ്തിയായി ഇപ്പോഴും നില നിൽക്കുകയും ചെയ്യുന്നതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16 | ,, | 55 | ഭർത്താവിന്റെ പേരിൽ ഭൂമി ഉണ്ടായിരിക്കെ ഗുണഭോക്താവ് ഭൂരഹിതയാണെന്ന വ്യാജറിപ്പോർട്ട് നൽകിയ ബ്ലോക്ക് വികസന ഓഫീസർ, വാളകം വില്ലേജ് ഓഫീസർ എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 17 | അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് | 59 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നിട്ടില്ലാ എന്ന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ധനവിനിയോഗം സംബന്ധിച്ച കണക്കുകൾ ചട്ടപ്രകാരം രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 18 | ,, | 64 | കാർഷികമേളയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകളും ചെലവുരേഖകളും അടിയന്തിരമായി നിർവ്വഹണോദ്യോഗസ്ഥൻ ഓഡിറ്റ് വകുപ്പിന് കൈമാറണമെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് ബാദ്ധ്യതകൾ തീർക്കുന്നതിനായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സെക്രട്ടറി തുക പിൻവലിച്ച് നൽകിയ തെന്നതിനാൽ സെക്രട്ടറിയുടെ പേരി ലുള്ള നടപടികൾ അവസാനിപ്പിക്കാവു ന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് | 66 | സമിതിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും നടത്തിയ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ കൂടുതൽ നടപടി ആവശ്യമില്ലെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ബാദ്ധ്യത വരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാ ക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 20 | ,, | 70 | പമ്പ് സെറ്റുകൾ എല്ലാം പാടശേഖര സമിതികൾക്ക് വിതരണം ചെയ്തു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |